2025JANUARY
09
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# 500 കോടി രൂപ നിക്ഷേപത്തോടെ അദാനിയുടെ ലോജിസ്റ്റിക്സ് പാർക്ക് കൊച്ചിയിൽ

## വൻ തൊഴിലവസരങ്ങൾ, വിഴിഞ്ഞത്തിന് 10,000 കോടിയും

**മുംബൈ:** ശതകോടീശ്വരൻ ഗൗതം അദാനി നയിക്കുന്ന അദാനി ഗ്രൂപ്പ് വൻ നിക്ഷേപവുമായി കൊച്ചിയിലേക്കും. എറണാകുളം കളമശേരിയിൽ 500 കോടി രൂപ നിക്ഷേപത്തോടെ അത്യാധുനിക ലോജിസ്റ്റിക്സ് പാർക്കാണ് ഗ്രൂപ്പ് സജ്ജമാക്കുന്നത്. ഇതിനായി 70 ഏക്കർ സ്ഥലം കമ്പനി ഏറ്റെടുത്തു കഴിഞ്ഞു.




കേരളത്തിന്റെ സമ്പദ്!വ്യവസ്ഥയുടെ കുതിച്ചുചാട്ടത്തിന് കരുത്താകുമെന്ന് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി അദാനി ഗ്രൂപ്പ് അടുത്ത മൂന്നുവർഷത്തിനകം10,000 കോടി രൂപ നിക്ഷേപിക്കും. ഇതിനകം സംസ്ഥാന സർക്കാരും അദാനി ഗ്രൂപ്പും ചേർന്ന് തുറമുഖത്ത് 7,900 കോടി രൂപ നിക്ഷേപിച്ചതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) നിർമിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ നിർമാണ, മേൽനോട്ട ചുമതലകൾ നിർവഹിക്കുന്നത് അദാനി ഗ്രൂപ്പാണ്. തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ നിയന്ത്രണച്ചുമതലയുള്ള അദാനി ഗ്രൂപ്പ്, അടുത്ത 5 വർഷത്തിനകം വിമാനത്താവള വികസനത്തിനായി 2,000 കോടി രൂപ ചെലവഴിക്കാനും തീരുമാനിച്ചിട്ടുണ്ട്.

# തിരുപ്പതിയിൽ 6 പേർ തിരക്കിൽപ്പെട്ട് മരിച്ചു



**തിരുപ്പതി:** ആന്ധ്ര പ്രദേശിലെ പ്രശസ്തമായ തിരുപ്പതി ക്ഷേത്രത്തിൽ ദർശനത്തിനുള്ള ടോക്കണെടുക്കുന്ന ക്യൂവിൽ അനിയന്ത്രിതമായ തിക്കും തിരക്കും. ആറ് പേർ മരിച്ചതായി പ്രാഥമിക റിപ്പോർട്ട്. ഇതിൽ ഒരു സ്ത്രീയും ഉൾപ്പെടുന്നു.

ബൈരാഗി പട്ടീദ പാർക്കിലെ ടിക്കറ്റ് കൗണ്ടറിനു മുന്നിലാണ് ദുരന്തമുണ്ടായത്. ജനുവരി 10 മുതൽ 19 വരെ നടത്തുന്ന വൈകുണ്ഠ ദ്വാര ദർശനത്തിനുള്ള ടോക്കൺ വിതരണമാണ് ഇവിടെ നടത്താനിരുന്നത്.

നാലായിരത്തോളം പേരാണ് ദർശനത്തിനു ടിക്കറ്റെടുക്കാനുള്ള ക്യൂവിലുണ്ടായിരുന്നത്. രാവിലെ അഞ്ച് മണിക്ക് തുറക്കുന്ന കൗണ്ടറിനു മുന്നിൽ തലേ ദിവസം വൈകിട്ട് തന്നെ കനത്ത തിരക്ക് രൂപപ്പെടുകയായിരുന്നു.

ടോക്കൺ വിതരണത്തിനുള്ള ക്യൂ തുടങ്ങിയതോടെയാണ് തിരക്ക് നിയന്ത്രണാതീതമായത്.

വൈകുണ്ഠ ഏകാദശിയോടനുബന്ധിച്ച് വൈകുണ്ഠ ദ്വാരത്തിലൂടെയുള്ള പ്രത്യേക ദർശനത്തിനുള്ള ടോക്കൺ എടുക്കാനാണ് ഏറ്റവും കൂടുതൽ തിരക്കുണ്ടായത്.



# കലോത്സവം കൊടിയിറങ്ങി; കാൽ നൂറ്റാണ്ടിനുശേഷം സ്വർണക്കപ്പുയർത്തി തൃശൂർ

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കലോത്സവത്തിന് കൊടിയിറങ്ങി. തൃശൂർ ജില്ലയാണ് 63ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ സ്വർണ കപ്പ് ഉയർത്തിയത്.

വി.ഡി.സതീശൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര താരങ്ങളായ ടോവിനോ തോമസ്, ആസിഫലി എന്നിവർ മുഖ്യാതിഥികളായി. മന്ത്രി ജി. ആർ. അനിൽ അധ്യക്ഷനായി.

സമാപന സമ്മേളനത്തിൽ 62ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെയും 2024 സംസ്ഥാന സ്കൂൾ കായികമേളയുടെയും മാധ്യമ പുരസ്കാര വിതരണവും മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. സ്പീക്കർ എ.എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തി. എംപിമാരുംഎംഎൽഎമാരും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

63ാമത് സംസ്ഥാന സ്കൂൾ കലോത്സവ കിരീടം തൃശൂരാണ് സ്വന്തമാക്കിയത്. 1008 പോയിൻറുമായാണ് തൃശൂർ സ്വർണക്കപ്പ് സ്വന്തമാക്കിയത്. പാലക്കാടിനാണ് രണ്ടാം സ്ഥാനം. കണ്ണൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

സ്ളുകളിൽ ആലത്തൂർ ഗുരുകുലം എച്ച്എസ്എസ് പന്ത്രണ്ടാം തവണയും ചാന്പ്യൻമാരായി. നാലുദിവസമായി മുന്നിട്ടു നിന്ന കണ്ണൂരിനെ മലർത്തിയടിച്ചാണ് തൃശൂർ കപ്പുയർത്തുന്നത്. കാൽ നൂറ്റാണ്ടിനുശേഷമാണ് കലാകിരീടം തൃശൂരിൻറെ മണ്ണിലേക്ക് എത്തുന്നത്. 1999ലെ കൊല്ലം കലോത്സവത്തിലാണ് തൃശൂർ അവസാനമായി കപ്പ് നേടിയത്.



സൊസൈറ്റി ടുഡേ
SOCIETY TODAY

## മത്സ്യ സമ്പദ് യോജന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

മലപ്പുറം: പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലെ ബയോഫ്ലോക്ക് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.ടി വിഭാഗത്തിലാണ് ഒഴിവുള്ളത്. യൂണിറ്റിന് 7.5 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയിൽ 4.5 ലക്ഷം രൂപ സർക്കാർ സബ്സിഡി ഉണ്ട്. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലോ, ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി, ഉണ്ണ്യാൽ ഓഫീസിലോ, മത്സ്യഭവനുകളിലോ സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി ജനുവരി 17. ഫോൺ :0494 2666428.

## ക്ഷീരകർഷകർക്ക് പരിശീലന പരിപാടി

**മലപ്പുറം:** കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീര കർഷകർഷകർക്കും, സംരഭകർക്കുമായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന മ വിഷയത്തിൽ  പരിശീലന പരിപാടി നടത്തും. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ ജനുവരി 14 മുതൽ 18 വരെയുള്ള തീയതികളിലാണ് പരിശീലനം. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പുകൾ  പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കും. താൽപര്യമുള്ളവർ ജനുവരി 11 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 04952414579 എന്ന ഫോൺ നമ്പർ വഴിയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യണം.

## ക്ഷീരസ്മിതം 12, 13 തിയതികളിൽ

**തൃശൂർ:** തൃശൂർ ജില്ലാ ക്ഷീരസംഗമം 'ക്ഷീരസ്മിതം' ജനുവരി 12, 13 തിയതികളിൽ മതിലകം  ശ്രീനാരായണപുരം  തെക്കൂടൻ ബസാർ ടആ അവന്യു  കൺവെൻഷൻ സെന്ററിൽ വിപുലമായ പരിപാടികളോടെ നടത്തുമെന്ന്  ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനുവരി 12 നു വിവിധ സെമിനാറുകൾ, നാട്ടു ശാസ്ത്രം  കർഷകശാസ്ത്രജ്ഞ മുഖാമുഖം, 50 ഓളം സ്റ്റാളുകളുള്ള 'ഡയറി എക്സ്പോ 2025' ഡയറി എക്സിബിഷൻ, വർണാഭമായ ഘോഷയാത്ര, സാംസ്കാരിക സായാഹ്നം എന്നിവ സംഘടിപ്പിക്കും. ജനുവരി 13 ന് രാവിലെ 9 നു ക്ഷീര കർഷകർക്കുള്ള സെമിനാർ ഉണ്ടായിരിക്കും. തുടർന്ന് 10 ന്  ശ്രീനാരായണപുരം ടആ അവന്യൂ കൺവെൻഷൻ സെന്റർ തെക്കൂടൻ ബസാറിൽ നടക്കുന്ന പൊതു സമ്മേളനം  മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവ്വഹിക്കും. ഇ. ടി. ടൈസൺ മാസ്റ്റർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ റവന്യൂ ഭവന നി4മ്മാണ വകുപ്പ് മന്ത്രി അഡ്വ.കെ. രാജൻ, ഉന്നത വിദ്യാഭ്യാസ  സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. എം.പി, എം.എൽ.എ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പടെയുള്ള ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ബോർഡ് ചെയർമാൻമാർ, ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, ക്ഷീരസഹകാരികൾ, സഹകരണ സ്ഥാപന പ്രതിനിധികൾ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുക്കും.

ക്ഷീരമേഖലയുടെ പ്രാധാന്യം സ്കൂൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിനായി  ജനുവരി 07ന് മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ  സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിവിധ മത്സരങ്ങൾ (ഉപന്യാസം, ചിത്രരചന, ഡയറി ക്വിസ് ) എന്നിവ സംഘടിപ്പിക്കും.

ജനുവരി 13ന് സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങളിലെ വിജയികൾക്കു സമ്മാനവിതരണവും, ക്ഷീ രമേഖലയിലെ വിവിധ വിഭാഗങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ച ക്ഷീരകർഷകർ, ക്ഷീര സഹകാരികൾ എന്നിവരെ ആദരിക്കലും നടക്കും.

## കുടുംബകോടതി അഡീഷണൽ  കൗൺസിലർ പാനൽ: അപേക്ഷിക്കാം

**കോട്ടയം:** ഏറ്റുമാനൂർ കുടുംബകോടതിയിലെ കേസുകളിൽ കൗൺസിലിങ് നടത്തുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഫാമിലി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നതിന് അഡീഷണൽ കൗൺസിലർമാരുടെ പാനൽ തയാറാക്കുന്നു. പാനലിൽ ഉൾപ്പെടുത്താനായി യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: സോഷ്യൽ വർക്കിലോ സൈക്കോളജിയിലോ ബിരുദനാന്തര ബിരുദം, ഫാമിലി കൗൺസിലിങ്ങിൽ രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ബയോഡേറ്റായും സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ജഡ്ജ്, ഫിമിലി കോടതി, ഏറ്റുമാനൂർ686631 എന്ന വിലാസത്തിൽ ജനുവരി 20നകം അപേക്ഷ നൽകണം.

## ക്യാമ്പ് അസിസ്റ്റന്റ് ഒഴിവ്

**കോട്ടയം:**  രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഗവൺമെന്റ് എൻജിനീയറിങ് കോളജിൽ കെ.ടി.യു. മൂല്യനിർണയ ക്യാമ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ ക്യാമ്പ് അസിസ്റ്റന്റിനെ നിയമിക്കുന്നു. യോഗ്യത: ഡിഗ്രി. പ്രവൃത്തി പരിചയം അഭികാമ്യം. താൽപര്യമുള്ളവർ ബയോഡേറ്റ, യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ജനുവരി 10ന് രാവിലെ 10ന് കോളജ് പ്രിൻസിപ്പൽ ഓഫീസിൽ എത്തണം

# തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിലെ വിവിധ വികസന പദ്ധതികൾ മന്ത്രി വീണാജോർജ് ഉദ്ഘാടനം ചെയ്തു

**തൃശ്ശൂർ:** മുളകുന്നത്തുകാവ് ഗവ. മെഡിക്കൽ കോളേജിന്റെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ സ്വന്തമായി 33 കെ വി സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടികൾ തുടങ്ങിയെന്ന് ആരോഗ്യ വകുപ്പു മന്ത്രി വീണ ജോർജ്. തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. മെഡിക്കൽ കോളേജിന്റ അഭിമാനമായി മാറാൻ പോകുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിന്റെയും നിർമ്മാണം ഈ വർഷം പൂർത്തീകരിക്കും. വേറിട്ട ചികിത്സകളിലൂടെയും കൂട്ടായ പ്രയത്നത്തിലൂടെയും മെഡിക്കൽ കോളേജിന്റെ യശ്ശസ് കൂടുതൽ ഉയർന്നതായും മന്ത്രി പറഞ്ഞു.

പേ വാർഡ് രണ്ടാം ഘട്ടം, വിദ്യാർഥികളുടെ ക്ലാസ് മുറികൾ, ശ്വാസകോശ രോഗികളുടെ പുനരധിവാസ പരിശീലന കേന്ദ്രം, ആശ്വാസ് വാടക വീട്, നവീകരിച്ച മൾട്ടി ഡിസിപ്ളിനറി റിസർച്ച് യൂണിറ്റ് എന്നീ പദ്ധതികളുടെ ഉദ്ഘാടനമാണ് മന്ത്രി നിർവ്വഹിച്ചത്. കൂടാതെ കൃത്രിമ അവയവ നിർമ്മാണ കേന്ദ്രത്തിന്റെ രണ്ടാം ഘട്ടം, ലോക്കൽ ഒ.പി, ജൈവ പ്ലാന്റ്, കൂട്ടിരിപ്പുകാരുടെ വിശ്രമ കേന്ദ്രം എന്നിവയുടെ നിർമ്മാണ ഉദ്ഘാടനവും അലുമിനി അസോസിയേഷൻ നൽകിയ പത്ത് ലക്ഷം രൂപയുടെ സുരക്ഷാ ഉപകരണങ്ങൾ നൽകലും മന്ത്രി നിർവ്വഹിച്ചു.

ചടങ്ങിൽ സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ അധ്യക്ഷത വഹിച്ചു. കെ. രാധാകൃഷ്ണൻ എം.പി, വടക്കാഞ്ചേരി നഗരസഭ ചെയർമാൻ പി. എൻ സുരേന്ദ്രൻ, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ലീല രാമകൃഷണൻ, അവണൂർ പഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണി, നഗരസഭ കൗൺസിലർ കെ.കെ ശൈലജ, ഡി.എം.ഇ ഡോ. തോമസ് മാത്യു, ആരോഗ്യ വിദ്യാഭ്യസ ഡയറകടർ ഡോ. തോമസ് മാത്യു, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. അശോകൻ, ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ്ജ് ഡോ. എം. രാധിക, മെഡിക്കൽ കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. കെ.ബി സനൽകുമാർ, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ശ്രീദേവി, ഗവ. നേഴ്സിംഗ് കേളജ് പ്രിൻസിപ്പൽ രമാദേവി തുടങ്ങിയവർ പങ്കെടുത്തു. മെഡിക്കൽ കോളേജിൽ നടന്ന ചടങ്ങിൽ മന്ത്രി മുണ്ടത്തിക്കോട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ആർദ്രം നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടന പ്രഖ്യാപനവും നടത്തി.



# കാലാവസ്ഥ വ്യതിയാനം : വരൾച്ച രൂക്ഷമായേക്കും; കർഷകർ ആശങ്കയിൽ

**പത്തനംതിട്ട:** പകൽച്ചൂടിൻറെ കാഠിന്യം അടിക്കടി ഏറുന്നതോടെ ജലാശയങ്ങളും തോടുകളും വേഗത്തിൽ വറ്റിവരളുന്നതോടെ മലയോര ജില്ലയിൽ കടുത്ത ആശങ്ക. ഒരു മാസം മുന്പുവരെ മഴ ഉണ്ടായിരുന്നെങ്കിലും വേനലിൻറെ കടന്നുവരവ് അതിരൂക്ഷമായാണ്. പകൽച്ചൂടിൻറെ കാഠിന്യവും രാത്രിയിലെ അതിശൈത്യവും വരൾച്ച രൂക്ഷമാക്കിയേക്കുമെന്ന ആശങ്കയുളവാക്കുന്നു.

സാധാരണ നിലയിൽ ജനുവരിയിൽ പകൽച്ചൂടിന് ഇത്രയധികം കാഠിന്യം ഉണ്ടാകാറില്ല. എന്നാൽ ഇക്കുറി ഡിസംബർ അവസാനത്തോടെ നദികളിൽ വെള്ളം കുറഞ്ഞുതുടങ്ങി. പന്പ, അച്ചൻകോവിൽ, മണിമല നദികളിൽ നീരൊഴുക്ക് നാമമാത്രമാണ്. പന്പയുടെ ജലവിതരണ പദ്ധതികളിൽ ഇപ്പോൾ തന്നെ വെള്ളം തടഞ്ഞു നിർത്തിയാണ് പന്പിംഗ് നടത്തുന്നത്.

ഏപ്രിൽ, മേയ് വരെ വേനലിൻറെ രൂക്ഷത തുടരും. അഞ്ചുമാസത്തോളം ഈ നില തുടർന്നാൽ വരൾച്ച അതികഠിനമാകുമെന്ന ആശങ്ക കർഷകർക്കുണ്ട്. നെല്ല്, ഏത്തവാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവ കൃഷി ചെയ്ത കർഷകരാണ് ആശങ്കയിലായത്. വെള്ളം കിട്ടാത്ത സാഹചര്യത്തിൽ കൃഷി കരിഞ്ഞുണങ്ങുമോയെന്ന ഭയത്തിലാണ് കർഷകർ.

ജലസേചന പദ്ധതികളുടെ കനാലുകൾ തുറന്നതോടെ ഇവയുടെ തീരങ്ങളിൽ നേരിയ ആശ്വാസമായി. വരൾച്ച രൂക്ഷമാകുന്നത് കുടിവെള്ള ലഭ്യതയെയും ബാധിക്കും. ഇപ്പോൾ തന്നെ പല മേഖലകളിലും വെള്ളം കിട്ടാത്ത സാഹചര്യമുണ്ട്.

ജില്ലയുടെ പ്രധാന നെല്ലറയായ വള്ളിക്കോട് പാടശേഖരങ്ങളിൽ ഇത്തവണ മകര കൊയ്ത്ത് വൈകിയേക്കും. കാലാവസ്ഥ ചതിച്ചതാണ് പ്രതിസന്ധികൾക്ക് കാരണം. പ്രതിസന്ധികളെ അതിജീവിച്ച് ഇത്തവണ യഥാസമയം വിത്തെറിഞ്ഞിരുന്നെങ്കിലും കനത്ത മഴയും കത്തുന്ന വെയിലുമാണ് പ്രതിസന്ധികൾ സൃഷ്ടിക്കുന്നത്. കതിരണിഞ്ഞ നെൽ ചെടികൾ ഇപ്പോൾ മുക്കാൽ വിളവെത്തേണ്ട സമയമാണ്. എന്നാൽ ഭൂരിഭാഗം സ്ഥലങ്ങളിലും പാതിവിളവ് പോലുമായിട്ടില്ല. അത്യുൽപാദന ശേഷിയുള്ള ഉമവിത്താണ് വള്ളിക്കോട് പാടത്തു വിതച്ചിരിക്കുന്നത്. ജില്ലയിൽ അപ്പർ കുട്ടനാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിക്കുന്ന പാടശേഖരമാണ് വള്ളിക്കോട്ടേത്.

15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ ഒന്പതു വലിയ പാടശേഖരങ്ങളുണ്ട്. സപ്ലൈകോയുടെ പ്രധാന നെല്ല് സംഭരണ സ്ഥലം കൂടിയാണിവിടം. 130 ഹെക്ടർ പാടശേഖരത്തിലാണ് ഇത്തവണ കൃഷി ഇറക്കിയിട്ടുള്ളത്. 210 കർഷകരാണ് വള്ളിക്കോട് പാടശേഖരത്തു കൃഷി നടത്തുന്നത്.

അപ്പർകുട്ടനാട്ടിലെ കൃഷിയിടങ്ങളെ നവംബർ അവസാന വാരവും ഡിസംബറിലുമായി പെയ്ത മഴ ചതിച്ചിരുന്നു. വിത നടത്താൻ പാകമായ പാടശേഖരങ്ങൾ ബണ്ടു വീണ് തകർന്നതുമൂലം കർഷകർക്കു വൻ നഷ്ടമുണ്ടായി. പാടശേഖരങ്ങൾ വീണ്ടും ഒരുക്കിയെടുത്ത് വിത നടത്തിയത് വൈകിയാണ്. ഇവിടങ്ങളിലും ഇത്തവണ വിളവെടുപ്പ് ഏറെ വൈകും.

കാലം തെറ്റിയെത്തിയ തോരാമഴ കതിരണിയലിന് പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. മഴ മാറി വെയിൽ എത്തിയത് ആശ്വാസമായെങ്കിലും കൊടുംവേനൽ നെൽച്ചെടികൾക്ക് ഭീഷണിയായിട്ടുണ്ട്. ആവശ്യത്തിന് വെള്ളം ലഭിക്കാത്തത് കാരണം മിക്ക ഭാഗങ്ങളിലും നെൽച്ചെടികൾ കരിഞ്ഞുണങ്ങലിൻറെ വിലാണ്.

ചിലയിടങ്ങളിൽ വെള്ളം ലഭിക്കുന്നുണ്ടെങ്കിലും വേനലിൻറെ കാഠിന്യം കാരണം ഉച്ചയാകുമ്പോഴേക്കും ചെടികൾ വാടിത്തളരുന്ന സാഹചര്യമുണ്ട്.

# എഒഐകോൺ 2025 ന് ഇന്ന് തുടക്കം

## ആദ്യ ദിനം തൽസമയ ശസ്ത്രക്രിയകളും പരിശീലനങ്ങളും

**കൊച്ചി:** നാലു ദിവസമായി എറണാകുളം ലേ മെറീഡിയനിൽ നടക്കുന്ന ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം ' എഒഐകോൺ 2025 ന് ഇന്ന് (09.01.2025) എറണാകുളം ലേ മെറീഡിയൻ ഹോട്ടലിൽ തുടക്കമാകും.

സമ്മേളനത്തിന്റെ ആദ്യ ദിവസമായ ഇന്ന് പ്രധാനമായും തൽസമയമുള്ള ശസ്ത്രക്രിയളും പരിശീലനങ്ങളുമാണ് നടക്കുന്നത്. ഇഎൻടി ഡോക്ടർമാർക്ക് ഏറെ ഗുണകരമാകുന്ന വിവിധ വീഡോയകളുടെ പ്രദർശനങ്ങളും നടക്കും. ഇതിലൂടെ ഒരോ വിഭാഗങ്ങളിലെയും ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട പുതിയ ടെക്നിക്കുകളും അറിവുകളും ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാർഥികൾക്കും നേരിൽ കണ്ട്ഗ്രഹിക്കാൻ സാധിക്കും. ചികിൽസകൾ അതല്ലങ്കിൽ ശസ്ത്രിക്രിയകൾ എന്നിവ ചെയ്യുമ്പോൾഎന്തെല്ലാം പ്രതിസന്ധികളുണ്ടാകാം, അത് എങ്ങനെ തരണം ചെയ്യണം, എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കണം എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിലൂടെ വ്യക്തമാക്കിക്കൊടുക്കുന്നത്.തലകറക്കറക്കമുള്ള രോഗികൾക്ക് നിർദ്ദേശിക്കേണ്ട പ്രത്യേക വ്യായാമങ്ങൾ എന്തൊക്കെ അതെല്ലാം എങ്ങനെ ചെയ്യണം എന്നിവയിലടക്കം പരിശീലനം നൽകും.

പ്ലാസ്റ്റിക് സർജറിയുമായി ബന്ധപ്പെട്ട് ഡമ്മിയിൽ വിവിധ പരിശീലനങ്ങൾ നൽകും. ശസ്ത്രക്രിയ ചെയ്യുമ്പോൾ ചില ഞരമ്പുകൾക്ക് കേട് സംഭവിക്കാം അത് സംഭവിക്കാതിരിക്കാൻ എന്തൊക്കെ മുൻ കരുതൽ സ്വീകരിക്കണം, കുട്ടികൾ നാണയം വിഴുങ്ങിയാൽ അതെങ്ങനെ പുറത്തെടുക്കാം എന്നത് സംബന്ധിച്ചും പരിശീലനം നൽകും.

ഉമിനീർ ഗ്രന്ഥിയിൽ ഉണ്ടാകുന്ന കല്ല് പണ്ട് ഓപ്പൺ സർജറി വഴിയാണ് നീക്കം ചെയ്തിരുന്നത്. ഇന്ന് സർജ്ജറി കൂടാതെ തന്നെ ഇത് പുറത്തെടുക്കാൻ സാധിക്കുന്ന സംവിധാനമുണ്ട് ഇവ സംബന്ധിച്ചും ഡോക്ടർമാർക്ക് പരിശീലനം നൽകും. ഡോക്ടർമാരെ നിശ്ചിത എണ്ണത്തിലുള്ള ബാച്ചുകളായി തിരിച്ചാണ് പരിശീലനം നൽകുന്നത്. ഒരോ വിഭാഗത്തിലെയും വിദഗ്ദരയാരിക്കും ഇതിന് നേതൃത്വം നൽകുക.

# കെ.പി.എം.എ പരിസ്ഥിതി അവാർഡ് സമർപ്പണം ജനുവരി 11ന്

**കൊച്ചി:** കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ (കെപിഎംഎ) ന്റെ ഈ വർഷത്തെ പരിസ്ഥിതി അവാർഡ് സമർപ്പണം ജനുവരി 11ന് വൈകുന്നേരം 6.30 ന് കൊച്ചി റിനൈ ഹോട്ടലിൽ നടക്കും. സ്ഥാപനങ്ങൾക്ക് നൽകിവരുന്ന പരിസ്ഥിതി അവാർഡിന് പത്തനംതിട്ട ക്ലീൻ കേരള കമ്പനിയും, വ്യക്തിഗത വിഭാഗത്തിൽ കോഴിക്കോട് ഒറിയോൺ പോളിമേഴ്സ് ഉടമ ബാബുവും അർഹരായി. 50,000 രൂപയും പ്രശംസാ പത്രവും ട്രോഫിയും അടങ്ങുന്നതാണ് പുരസ്ക്കാരം. മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തതെന്ന് കെ.പി.എം.എ സംസ്ഥാന പ്രസിഡന്റ് ജെ സുനിൽ ജനറൽ സെക്രട്ടറി മുഹമ്മദ് അഷറഫ് എന്നിവർ അറിയിച്ചു.

സംഘടനയുടെ 27ാമത് വാർഷിക സമ്മേളനം അന്നേ ദിവസം കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ ഉദ്ഘാടനം ചെയ്യും. സിപെറ്റ് ഡയറക്ടർ ഡോ. കെ. എ രാജേഷ്, ബിപിസിഎൽ കൊച്ചി റിഫൈനറി എച്ച്.ആർ വിഭാഗം ചീഫ് ജനറൽ മാനേജർ ജോർജ്ജ് തോമസ് എന്നിവർ മുഖ്യ അതിഥികളായിരിക്കും. ചടങ്ങിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും പോളിമർ സയൻസിൽ കഴിഞ്ഞ വർഷം ഏറ്റവും അധികം മാർക്ക് വാങ്ങി വിജയിച്ച ബിടെക് വിദ്യാർഥിനി എം. ഫർസാന, എം.ടെക് വിദ്യാർഥി ആഷ്ലി എൽദോ എന്നിവർക്കുള്ള ക്യാഷ് അവാർഡും പ്രശംസാപത്രവും സമ്മാനിക്കും. കൊച്ചിൻ യൂണിവേഴ്സിറ്റി, സിപെറ്റ് എന്നിവടങ്ങളിൽ പോളിമർ സയൻസിൽ ഉന്നത നിലവാരത്തിൽ പഠനം തുടരുന്ന 15 വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകളും ചടങ്ങിൽ വിതരണം ചെയ്യുമെന്നും കെ.പി.എം.എ ഭാരവാഹികൾ അറിയിച്ചു.

# പെരുവംമുഴിയിലെ വിദേശ മദ്യശാല മാറ്റി സ്ഥാപിക്കണം

**കോലഞ്ചേരി :** കൺസ്യൂമർഫെഡ് പെരുവംമുഴിയിൽ തുറന്ന വിദേശ മദ്യ വിൽപനശാല ഉടൻ മാറ്റി സ്ഥാപിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. നാഷണൽ ഹൈവെയുടെ ഓരത്ത് ഏറ്റവും വീതികുറഞ്ഞ പെരുവംമുഴി പാലത്തിനോട് ചേർന്നും കൊടിയ വളവിലും യാതൊരു മുന്നൊരുക്കവും അറിയിപ്പും നൽകാതെയാണ് കൺസ്യൂമർഫെഡ് വിദേശ മദ്യ വിൽപനശാല തുറന്നത്. രണ്ടാഴ്ച്ചക്കകം ഒന്നിൽ കൂടുതൽ വാഹനാപകടം നടന്നുകഴിഞ്ഞു. പാലത്തിന് ഇരുവശവും ഇരുപത് അടിയിലേറെ താഴ്ച്ചയാണുള്ളത്. മുവാറ്റുപുഴ ഭാഗത്ത് നിന്നും എറണാകുളത്തേയ്ക്ക് പോകുന്ന വാഹനങ്ങൾക്ക് വളവിൽ പ്രവർത്തിക്കുന്ന മദ്യശാലയുടെ മുന്നിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ ശ്രദ്ധയിൽ പെടാത്തതും, ചെറുവാഹനങ്ങൽ പെട്ടെന്ന് എതിർവശത്തേയ്ക്ക് തിരിയുന്നതുമാണ് അപകടങ്ങൾക്ക് കാരണമാകുന്നത്. വീതികുറഞ്ഞ പാലവും വളവും റോഡിനിരുവശവും ഗർത്തവും ഉള്ളിടത്ത് മദ്യശാലയ്ക്ക് പ്രവർത്തനാനുമതി ലഭിച്ചതിലെ അസ്വഭാവികതയും അന്വേഷിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

# കരുതലും കൈത്താങ്ങും കോതമംഗലം താലൂക്ക് അദാലത്ത് നാളെ

**കൊച്ചി:** കരുതലും കൈത്താങ്ങും കോതമംഗലം താലൂക്ക് അദാലത്ത് നാളെ (ജനുവരി 10) കോതമംഗലം സെന്റ് തോമസ് (ചെറിയ പള്ളി) ഹാളിൽ രാവിലെ 10 ന് നടക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, മന്ത്രി പി രാജീവ് എന്നിവർ അദാലത്തിന് നേതൃത്വം നൽകും.എം പി മാരായ അഡ്വ. ഡീൻ കുര്യാക്കോസ്, എം എൽ എ മാരായ ആന്റണി ജോൺ, ഡോ. മാത്യു കുഴൽനാടൻ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, കോതമംഗലം മുനിസിപ്പൽ ചെയർമാൻ കെ.കെ. ടോമി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പിഎംഎം ബഷീ4, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, വാ4ഡ് കൗൺസില4 ഷിബു കുര്യാക്കോസ്, മുവാറ്റുപുഴ ആ4ഡിഒ പി.എ9. അനി തുടങ്ങിയവർ പങ്കെടുക്കും.

# തൃപ്പൂണിത്തുറയിലെ ഗതാഗത കുരുക്ക് പരിഹരിക്കണം:താലൂക്ക് വികസനസമിതി

**കൊച്ചി:** തൃപ്പൂണിത്തുറ കിഴക്കേകോട്ടയിൽ നിന്നും പൂത്തോട്ടക്ക് തിരിയുന്ന ഭാഗത്ത് ഗതാഗത കുരുക്ക് രൂക്ഷമാണെന്നും അവിടുത്തെ മീഡിയൻ മാറ്റി സ്ഥാപിക്കണമെന്നും കണയന്നൂർ താലൂക്ക് വികസന സമിതി യോഗം നിർദേശിച്ചു. സ്റ്റാച്യുവിനു സമീപത്ത് അനധികൃതമായി കടകൾ പ്രവർത്തിക്കുന്നതിനാലുള്ള ഗതാഗത തടസം, കരിങ്ങാച്ചിറ പാസ്പോർട്ട് ഓഫീസിലെ അന്യായമായ വാഹനപാർക്കിങ് പിരിവ്, തൃപ്പൂണിത്തുറ സ്റ്റാച്യു മുതൽ ബസ്സ്റ്റാന്റ്, കിഴക്കേകോട്ട എന്നിവിടങ്ങളിലെ കാൽനടപ്പാതകൾ കൈവരി കെട്ടി സംരക്ഷിക്കുക തുടങ്ങിയ വിവിധ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

കണയന്നൂർ തഹസിൽദാർ ഡി വിനോദ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ,വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വാർഷിക പദ്ധതി രൂപീകരണം: ദാരിദ്ര്യ നിർമാർജനത്തിനും സാമ്പത്തിക വികസനത്തിനും മുൻഗണന

**കൊച്ചി:** 2025, 26 വാർഷിക പദ്ധതി ഭേദഗതി രൂപീകരണവുമായി ബന്ധപ്പെട്ട അവതരണം ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ നടന്നു. തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതിയുടെ അവസാന വാർഷിക പദ്ധതിയാണിത്. 2025 നവംബറിന് മുൻപ് പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികളാണ് ഏറ്റെടുക്കേണ്ടത്. തുടങ്ങിവെച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് മു9ഗണന നൽകണം. കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലൊഴികെ ബഹുവർഷ പദ്ധതികൾ പാടില്ല.

അതിദാരിദ്ര്യ നിർമാർജനം, പ്രാദേശിക സാമ്പത്തിക വികസനം, പ്രാഥമിക ഉത്പാദന മേഖല എന്നിവയാണ് മുൻഗണന നൽകേണ്ട മേഖലകൾ. ഭൂമി വാങ്ങി നൽകൽ, വാടകക്കെട്ടിടങ്ങളുടെ വാടക നൽകൽ, ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വിഹിതം നൽകൽ എന്നിവയാണ് അതിദാരിദ്ര്യ നിർമാർജനത്തിനായി നിർവഹിക്കേണ്ടത്.പ്രാദേശിക സാമ്പത്തിക വികസനത്തിനായി സ്വയംതൊഴിൽ സംരംഭങ്ങളും നൈപുണ്യ വികസന പദ്ധതികളും തൊഴിൽ ദായക സംരംഭങ്ങളും നടപ്പാക്കുകയാണ് ലക്ഷ്യം.

തരിശ്ഭൂമി കൃഷി യോഗ്യമാക്കൽ, മത്സ്യോത്പാദന, തണ്ണീർത്തട വികസനം, പ്രളയ നിവാരണം, വരൾച്ച, ജലവിഭവ പരിപാലനം എന്നിവയാണ് പ്രാഥമിക ഉത്പാദന മേഖലയിൽ നടപ്പാക്കേണ്ടത്.

റോഡുകളുടെ ഗുണനിലവാരം വർധിപ്പിക്കൽ, ലൈഫ് പദ്ധതി, എബിസി പദ്ധതി, പട്ടികജാതി/പട്ടികവിഭാഗങ്ങൾക്കുള്ള പദ്ധതികൾ, ഭിന്നശേഷി കുട്ടികൾക്ക് സ്കോഷർഷിപ്പ്, പാലിയേറ്റീവ് പരിചരണം തുടങ്ങിയവയ്ക്കും മു9ഗണന നൽകണം. ശുചിത്വ മാലിന്യ സംസ്കരണം, ഹാപ്പിനെസ് പാർക്കുകൾ, ഗ്രാമ/നഗര ലഘൂകരണ പദ്ധതികൾക്കും മുൻഗണന നൽകണം.

2025 ജനുവരി 24 നാണ് ഗ്രാമപഞ്ചായത്തുകളും നഗര തദ്ദേശ സ്ഥാപനങ്ങളും വാർഷിക പദ്ധതി സമർപ്പിക്കേണ്ടത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഫെബ്രുവരി 24 നും പദ്ധതി സമർപ്പിക്കണം. ജനുവരി 29 നും മാർച്ച് ഒന്നിനുമാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുക.

# ജില്ലാ ആസൂത്രണ സമിതി യോഗം; 94 തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം

**കൊച്ചി:** ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ 202425 വർഷം ഭേദഗതി വരുത്തി സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം. 94 തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിക്കാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത്.

സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെയുള്ള പദ്ധതികൾ ഉടൻ പൂർത്തിയാക്കണമെന്നും പദ്ധതി ചെലവ് വേഗത്തിലാക്കണമെന്നും അദ്ദേഹം തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി. പദ്ധതി തുക ചെലവഴിക്കുന്നതിൽ 11ാം സ്ഥാനത്താണ് ജില്ല.

ഏലൂർ, കളമശേരി നഗരസഭകളുടെയും ചോറ്റാനിക്കര, തുറവൂർ ഗ്രാമപഞ്ചായത്തുകളുടെയും ഹെൽത്ത് ഗ്രാന്റ് പദ്ധതി ഭേദഗതിക്കും യോഗം അംഗീകാരം നൽകി.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഓവർസിയർ തുടങ്ങിയ ഉദ്യോഗസ്ഥരില്ലാത്ത തദ്ദേശ സ്ഥാപനങ്ങളിൽ അടിയന്തിരമായി ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും യോഗം തീരുമാനിച്ചു.

ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ അംഗങ്ങളായ എ.എസ്. അനിൽ കുമാർ, ജമാൽ , ഗ്രേസി , റാണിക്കുട്ടി ജോർജ്, അനിമോൾ ബേബി, ശാരദ മോഹൻ, ഉല്ലാസ് തോമസ്, ഷാന്റി എബ്രഹാം, ടി. ജ്യോതിമോൾ, തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുത്തു.

# താത്കാലിക ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഒരു സർക്കാർ ആരോഗ്യ കേന്ദ്രത്തിൽ പാലിയേറ്റീവ് കെയർ നഴ്സിന്റെ താത്കാലിക ഒഴിവുണ്ട്. ശമ്പളം 24520/ രൂപ.യോഗ്യതബി.എസ്.സിനഴ്സിംഗ്/ജി.എൻ.എം/എ.എൻ.എം, പാലിയേറ്റീവ് നഴ്സിംഗ് സട്ടിഫിക്കറ്റ്, കൗൺസിൽ രജിസ്ട്രേഷൻഎറണാകുളം ജില്ലയിലുള്ള 41 വയസിന് താഴെയുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ജനുവരി 14 ന് മുൻപായി രജിസ്റ്റർ ചെയ്യുക.ഫോൺ: 0484 2312944

# അസാപ് ഐടി കോഴ്സുകളിൽ പ്രവേശനം

**കൊച്ചി:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരള നടത്തുന്ന തൊഴിലധിഷ്ഠിത ഐടി കോഴ്സുകളിലേക്കു അപേക്ഷ ക്ഷണിച്ചു. സൈബർ സെക്യൂരിറ്റി, പൈത്തൺ ഫോർ ഡാറ്റ മാനേജ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് എന്നീ കോഴ്സുകളിലേക്ക് പ്രവേശനം നടക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 12/1/2025.സൈബർ സെക്യൂരിറ്റി എസ്ഒസി അനലിസ്റ്റ് 320 മണിക്കൂർ, പൈത്തൺ ഫോർ ഡാറ്റ മാനേജ്മെന്റ് 400 മണിക്കൂർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് 720 മണിക്കൂർ. കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് പ്ലേസ്മെന്റ് സഹായം അസാപ് കേരള നൽകുന്നതാണ്. താത്പര്യമുള്ളവർ ഉടൻ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുക. https://forms.gle/n9KWo4xgw8aNPoSa8. കൂടുതൽ വിവരങ്ങൾക്ക് : www.asapkerala.gov.in ഫോൺ : 8848179814

# സ്പെഷ്യൽ സ്കൂൾ പാക്കേജ് അപേക്ഷ 10 വരെ

**കൊച്ചി:**ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കായുള്ള 202425 വ4ഷത്തെ പ്രത്യേക ധനസഹായം (സ്പെഷ്യൽ സ്കൂൾ പാക്കേജ്) ലഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ www.ss-portal.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി സമ4പ്പിക്കാം. അവസാന തീയതി ജനുവരി 10.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വനം നിയമ ഭേദഗതി ബില്ലിനെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കണം: സീറോമലബാർ സഭാസിനഡ്

**കാക്കനാട്:** നിയമസഭയിൽ അവതരിപ്പിക്കാനായി പ്രസിദ്ധീകരിച്ചിരിക്കുന്ന കേരള വനം നിയമ ഭേദഗതി ബിൽ ലക്ഷക്കണക്കിന് കർഷകരെ ദോഷകരമായി ബാധിക്കും എന്ന ആശങ്ക ദൂരീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് സീറോമലബാർ സഭാസിനഡ് സർക്കാരിനോടഭ്യർത്ഥിച്ചു. 1961ൽ പ്രാബല്യത്തിൽ വരികയും പലപ്പോഴായി പരിഷ്കരിക്കപ്പെടുകയും ചെയ്ത കേരള ഫോറസ്റ്റ് ആക്ട് വീണ്ടും പരിഷ്കരിക്കുന്നതിന് മുന്നോടിയായി പ്രസിദ്ധീകരിച്ചിരിക്കുന്ന കരട് വിജ്ഞാപനത്തിന്മേൽ സിനഡിൽ നടന്ന ചർച്ചയിലാണ് ആവശ്യമുയർന്നത്. ആശങ്കയുളവാക്കുന്നതും ചില മാറ്റങ്ങൾ ഉൾപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഈ നിയമഭേദഗതി ഗൗരവതരമായ ശ്രദ്ധ അർഹിക്കുന്നു. ജനപക്ഷത്തുനിന്നുള്ള പരിഷ്കരണങ്ങൾക്ക് പകരം കൂടുതൽ ജനദ്രോഹപരമായ മാറ്റങ്ങളാണ് പ്രഥമദൃഷ്ട്യാ പുതിയ ബില്ലിൽ കാണുന്നതെന്ന് സിനഡ് ചൂണ്ടിക്കാട്ടി.

വന്യജീവിശല്യം നാൾക്കുനാൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള വകുപ്പുകളാണ് കൂട്ടിച്ചേർക്കപ്പെടേണ്ടത്. വനാവരണം വർദ്ധിച്ചുവരുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കെ, കർഷകരെയും ഗ്രാമീണരെയും അന്യായമായ തടങ്കലിലേക്കും നിയമ വ്യവഹാരങ്ങളിലേക്കും തള്ളിവിടുമെന്ന ഭയപ്പാട് അനേകർ പങ്കുവെക്കുന്നുണ്ട്. മലയോര മേഖലകളിലുള്ളവരെയും വനാതിർത്തികളിൽ കഴിയുന്നവരെയും കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കാൻ നിയമങ്ങൾ ഉണ്ടാക്കുന്നതിനു പകരം ജനങ്ങളെ കൂടുതൽ ദുരിതത്തിൽ ആഴ്ത്തുന്നതാണീ നിയമങ്ങളെന്നു സർക്കാർ തിരിച്ചറിയണമെന്നും സഭാസിനഡ് ആവശ്യപ്പെട്ടു.വനം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ, വനനിയമങ്ങളും വന്യമൃഗങ്ങളും ജനജീവിതത്തിന് വെല്ലുവിളികളാകുന്ന ഈ കാലഘട്ടത്തിൽ ജനപക്ഷത്തുനിന്നുകൊണ്ടുള്ള പരിഷ്ക്കരണമാണ് ആവശ്യം. വിവിധ പിഴ തുകകൾ അഞ്ചിരട്ടി വരെയായി വർധിപ്പിച്ചിരിക്കുന്നതും, മത്സ്യബന്ധനം കുറ്റകരമാക്കിയിരിക്കുന്നതും, വന വിഭവങ്ങളുടെ ഉപയോഗം കൂടുതൽ പരിമിതപ്പെടുത്തിയിരിക്കുന്നതും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ അഥവാ ഫോറസ്റ്റ് ഗാർഡിന് ഡോക്യുമെന്റുകൾ പിടിച്ചെടുക്കാനും വാഹനം തടഞ്ഞു വയ്ക്കാനും വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യാനുള്ള അധികാരങ്ങൾ നല്കിയിരിക്കുന്നതും വലിയ ആശങ്കയുളവാക്കുന്നതാണ്. ഇക്കാരണങ്ങളാൽതന്നെ, വനപാലകർക്ക് അനിയന്ത്രിതമായ അധികാരങ്ങളും ദുരുപയോഗിക്കാനുള്ള കൂടുതൽ സാധ്യതകളും നൽകുന്ന ഈ നിയമപരിഷ്കരണം പ്രതിഷേധാർഹവും പിൻവലിക്കപ്പെടേണ്ടതുമാണെന്ന് സിനഡ് വിലയിരുത്തി.

# കാരുണ്യ പദ്ധതിയിലേക്ക് ഭാഗ്യക്കുറി വകുപ്പ് 29 കോടി 10 ലക്ഷം രൂപ കൈമാറി

**തിരുവനന്തപുരം:** കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതിയിലേക്ക് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് 29 കോടി 10 ലക്ഷം രൂപ നൽകി. ധനകാര്യ വകുപ്പു മന്ത്രി കെ എൻ ബാലഗോപാലാണ് ആരോഗ്യ വകുപ്പു മന്ത്രി വീണാ ജോർജിന് തുക കൈമാറിയത്. സംസ്ഥാന ഭാഗ്യക്കുറിയുടെ കാരുണ്യ, കാരുണ്യ പ്ലസ് ടിക്കറ്റുകൾ വിറ്റു കിട്ടുന്ന മുഴുവൻ തുകയും കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതിയിലേക്കാണ് ഭാഗ്യക്കുറി വകുപ്പ് നൽകുന്നത്.വ്യാഴാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ പ്ലസിനും ശനിയാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിക്കും 80 ലക്ഷം രൂപയാണ് ഒന്നാം സമ്മാനമായി നൽകുന്നത്. 40 രൂപയാണ് ടിക്കറ്റു വില. ഒന്നാം സമ്മാനമായി ഇരുപത് കോടി രൂപ നൽകുന്ന ക്രിസ്തുമസ് നവവത്സര ടിക്കറ്റാണ് നിലവിൽ ബമ്പർ ടിക്കറ്റായി വിപണിയിൽ ഉള്ളത്.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പു ഡയറക്ടർ എബ്രഹാം റെൻ, പബ്ലിസിറ്റി ഓഫീസർ ജി ബിൻസിലാൽ, ജില്ലാ ലോട്ടറി ഓഫിസർ ആനന്ദ് എസ് കുമാർ, സ്റ്റേറ്റ് ഹെൽത് ഏജൻസി ജോയിന്റ് ഡയറക്ടർമാരായ അല്ലിറാണി എ എം, ഡോ. ബിജോയ് ഇ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# റോഡ് സഞ്ചാരയോഗ്യമായി

**കിഴക്കമ്പലം :** അഞ്ചു വർഷത്തെ കാത്തിരിപ്പിന് ശേഷം നിയമപോരാട്ടത്തിന് ഒടുവിൽ പഴങ്ങനാട് ഷാപ്പുംപടി മാളേയ്ക്കപ്പടി റോഡിന് ശാപമോക്ഷമായി നീണ്ട ഇടവേളയ്ക്കു ശേഷം സഞ്ചാരയോഗ്യമല്ലാതെ കിടന്നിരുന്ന റോഡ് ബി എം ബി. നിലവാരത്തിൽ പുനരാംഭിച്ച റോഡിന്റെ ജനകീയ ഉദ്ഘാടനം നാട്ടുകാരുടെ സാന്നിധ്യത്തിൻ ഗ്രാമ പഞ്ചായത്ത് പ്രസഡന്റ് മിനി രതീഷ് നിർവ്വഹിച്ചു പ്രദേശിക ഇടതു വലതു രാഷ്ട്രീയ പാർട്ടികളുടെ എതിർപ്പിനെ തുടർന്ന് ആദ്യഘട്ടത്തിൽ ട്വന്റി 20 പാർട്ടികളുടെ നേതൃത്വത്തിൽ ഈറോഡ് വീതി കൂട്ടി നിർമ്മിക്കാനുള്ള ശ്രമങ്ങൾ തടസപ്പെട്ടിരുന്നു പിന്നീട് ശക്തമായ രാഷ്ട്രീയ ഇടപെടലുകളെ തുടർന്ന് 2021 22 വർഷത്തെ റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും പണം അനുവദിക്കാൻ സർക്കാരിന്റെ ഭരണാനുമതി ഉണ്ടായിട്ടും ആ വകുപ്പ് പണം നൽകിയില്ല.


പഴങ്ങനാട് മാളേയ്ക്കപ്പടി റോഡിന്റെ ജനകീയ ഉദ്ഘാടനം നാട്ടുകാരും പ്രദേശവാസികളും ചേർന്ന് നിർവ്വഹിക്കുന്നു

പിന്നീട് പഞ്ചായത്ത് കോടതിയെ സമീപിക്കുകയായിരുന്നു. 2023 കോടതി വീണ്ടും റോഡിന് ഫണ്ട് അനുവദിക്കാൻ നിർദേശിച്ചെങ്കിലും 2021 2022 ലെ കാലഹരണപ്പെട്ട റോഡ് സംരക്ഷണ ഫണ്ടിൽ നിന്നുമാണ് തുക അനുവദിച്ചത്. ഇത് ചൂണ്ടിക്കാട്ടി വീണ്ടും കോടതിയെ സമീപിച്ചതോടെ സർക്കാർ പഴയ ഉത്തരവ് പിൻവലിച്ച് കിഴക്കമ്പലം പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും പണമനുവദിക്കാൻ ഉത്തരവിറക്കുകയായിരുന്നു. എന്നാൽ മെയിന്റനൻസ് തുക ഉപയോഗിച്ച് റോഡ് നിർമ്മാണം സാധ്യമല്ലെന്നിരിക്കെ അതു വ്യക്തമാക്കി കോടതിയലക്ഷ്യ കേസുമായി പഞ്ചായത്ത് വീണ്ടും കോടതിയെ സമീപിച്ചതോടെ 2024നടപ്പുവർഷത്തെ റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഉത്തരവിറക്കുകയായിരുന്നു.

കേരളത്തിൽ വർദ്ധിച്ചു വരുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള ആധുനിക രീതിയിലുള്ള റോഡ് ഉണ്ടാകുന്നില്ല. ഒരു കാലത്തും പൂർത്തികരിക്കാൻ അനുവദിക്കാതെ സമരം നടത്തിയ എൽ.ഡി.എഫിനും യു ഡി. എഫിനും ഈ കോടതി വിധി വലിയതിരിച്ചടിയായി.

കിഴക്കമ്പലം എട ത്തല പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കിലോമീറ്ററോളം സഞ്ചാരയോഗ്യമല്ലാതെ കിടന്നിരുന്ന ഈ റോഡിലൂടെ ഇവിടത്തെ പ്രദേശ വാസികൾക്ക് പ്രത്യേകിച്ച് രോഗികൾക്കും ഗർഭിണികൾക്കും കാലങ്ങളോളംനടന്നു പോകേണ്ട സ്ഥിതിവിശേഷമായിരുന്നു.

ജനകീയ ഉദ്ഘാടനത്തിൽ പഞ്ചാ വൈസ് പ്രസഡന്റ് ജിൻസി അജി ബ്ലോക്ക് പഞ്ചായത്ത് അംഗം ചിക്കൂസ് രാജു പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മറ്റി (വിദ്യാഭ്യാസം ആരോഗ്യം) ചെയർപേഴ്സണും വാർഡ് മെമ്പറുമായ ജെനീസ് കാച്ചപ്പിള്ളി മെമ്പർമാരായ ഷീബ ജോർജ്. ദീപ ജേക്കബ് പ്രദേശവാസികളും നാട്ടുകാരും ടൻ്റി 20 പ്രവർത്തകരും പങ്കെടുത്തു.


വനിതകൾക്കുള്ള സ്വയംതൊഴിൽ ഉപകരണങ്ങളുടെ വിതരണ സമ്മേളനം ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു. ഫാ. സിബിൻ മനയംപിള്ളി, അജീഷ് ബാലു, ഫാ. ജോസ് കൊളുത്തുവെ ള്ളിൽ തുടങ്ങിയവർ സമീപം.

# സ്വയംതൊഴിൽ ഉപകരണ വിതരണവും സാമ്പത്തിക സഹായ വിതരണവും സംഘടിപ്പിച്ചു

**പൊന്നുരുന്നി :** എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ ഉപകരണ വിതരണവും സാമ്പത്തികസഹായ വിതരണവും നടത്തി. പൊന്നുരുന്നി സഹൃദയ ഹാളിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അധ്യക്ഷത വഹിച്ച യോഗം ഹൈബി ഈഡൻ എം.പി. ഉത്ഘാടനം ചെയ്തു. സ്വയംതൊഴിൽ ഉപകരണങ്ങളുടെ വിതരണവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. നബാർഡ് എറണാകുളം ജില്ല ഡെവലപ്മെന്റ് മാനേജർ അജീഷ് ബാലു മുഖ്യപ്രഭാഷണവും സാമ്പത്തിക സഹായവിതരണവും നടത്തി. പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളായ 75 വനിതകൾ യോഗത്തിൽ പങ്കെടുത്തു. സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, പ്രോഗ്രാം ഓഫീസർ കെ.ഒ. മാത്യൂസ്, ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര, വിമൺ എംപവർമെന്റ് പ്രോഗ്രാം കോർഡിനേറ്റർ സെബിൻ ജോസഫ് എന്നിവർ സംസാരിച്ചു.



# ഹോമിയോ ആശുപത്രി പ്രവർത്തനം തുടങ്ങി

**ആലുവ:** നഗരസഭയുടെ ഹോമിയോ ആശുപത്രി പ്രവർത്തനം തുടങ്ങി. തോട്ടക്കാട്ടുകര ഓൾഡ് ദേശം കടവിന് സമീപം അക്കാട്ട് ലെയിനിൽ നഗരസഭ വാടകക്കെടുത്ത കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്.

മുനിസിപ്പൽ ചെയർമാൻ എം.ഒ.ജോൺ ആദ്യ പരിശോധന നടത്തി. ഡോ.സി.ഇ.ഷിയാസ് ആണ് ഹോമിയോ ആശുപത്രിയിലെ ഡോക്ടർ. ഡെപ്യൂട്ടി ചെയർപേഴ്സൺ സൈജി ജോളി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരായ എം.പി.സൈമൺ, ലിസ ജോൺസൺ, വാർഡ് കൗൺസിലർ എൻ. ശ്രീകാന്ത്, കൗൺസിൽ അംഗങ്ങളായ ഷമ്മി സെബാസ്റ്റ്യൻ, ജയ്സൺ പീറ്റർ, ശ്രീലത രാധാകൃഷ്ണൻ, ശ്രീലത വിനോദ്കുമാർ, മുനിസിപ്പൽ സെക്രട്ടറി പി.ജെ.ജെസിത തുടങ്ങിയവർ സംബന്ധിച്ചു.

# നിർമലാകോളജിൽ ദ്വിദിന ദേശീയ സെമിനാർ

**മൂവാറ്റുപുഴ:** നിർമലാകോളജിൽ അരങ്ങു വഴികളും സമൂഹവും എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ ഇന്നും നാളെയും. കലാമണ്ഡലം മുൻ വൈസ് ചാൻസിലർ ഡോ കെ ജി പൗലോസ് സെമിനാർ ഉദ്ഘാടനം ചെയ്യും. ബനാറസ് ഹിന്ദു സർവ്വകലാശാലയിലെ കഥക് വിഭാഗം മേധാവി ദ്വീപാന്വിത സിൻഹ റോയ്, ഡോ സി എസ് ബിജു , കുക്കു പരമേശ്വരൻ, ഷേർളി സോമസുന്ദരം, ഡോ പി രാജേഷ് എന്നിവർ സെമിനാറിൽ സംസാരിക്കും. 9ന് വൈകുന്നേരം പദ്മവിഭൂഷൻ പണ്ഡിറ്റ് ബ്രിജു മഹാരാജിന്റെ ശിഷ്യ ദീപാന്വിത സിൻഹ റോയിയുടെ കഥക് അവതരണം കോളേജ് ഓഡിറ്റോറിയത്തിൽ ഉണ്ടായിരിക്കും. പരിപാടിയിൽ പൊതുജനങ്ങൾക്കും പങ്കെടുക്കാം.

# സംസ്ഥാനം ഇക്കൊല്ലം അതിദാരിദ്ര്യ മുക്തമാകും : മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനം ഇക്കൊല്ലം അതിദാരിദ്ര്യ മുക്തമാകുമെന്നും അതിനുള്ള പ്രവർത്തനങ്ങളും പദ്ധതികളും എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പിലാക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൈക്കാട് അതിഥി മന്ദിരത്തിൽ രണ്ട് ദിവസമായി ചേരുന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

നവംബർ മാസത്തോടെ കേരളം അതിദരിദ്ര്യ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാകും. ഇതിനായി സമഗ്രവും, ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ നടപ്പാക്കി വരികയാണ്. അത് ഊർജിതമാക്കണം. ഓരോ പഞ്ചായത്തിനും ബ്ലോക്കിനും മണ്ഡലങ്ങൾക്കും അതിദരിദ്രരില്ലാത്ത കുടുംബങ്ങളെ പ്രഖ്യാപിക്കാവുന്നതാണ്.

വീട് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് മനസോടിത്തിരി മണ്ണ് പദ്ധതി വിവിധ ജില്ലകളിൽ കാര്യക്ഷമമാക്കണം. സർക്കാരിന്റെ വിവിധ ക്യാമ്പയിനുകൾ മികച്ച രീതിയിൽ നടക്കുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലകളിൽ കൃത്യമായ സംവിധാനമുണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിൽ സംസ്ഥാനം നല്ല പുരോഗതി നേടിയിട്ടുണ്ട്. ഇത് പൂർണ്ണതയിലെത്തിക്കാൻ ജില്ലാ കളക്ടർമാർ നേതൃപരമായ പങ്ക് വഹിക്കണം. ജനുവരിയിൽ തുടങ്ങിയ വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിനിന് ജനപങ്കാളിത്തം ഉറപ്പാക്കണം.

സംസ്ഥാനത്ത് ഹരിത അയൽക്കൂട്ടം 55 ശതമാനവും ഹരിത വിദ്യാലയം 51 ശതമാനവുമായി കൂടിയിട്ടുണ്ട്. ഹരിത ഓഫീസുകൾ, ഹരിത ടൗണുകൾ തുടങ്ങിയ ആശയങ്ങൾ പ്രവർത്തികമാക്കി ജില്ലകളെ പ്രകൃതിസൗഹൃദമാക്കണം. മാലിന്യമുക്ത പരിപാടികളിൽ സ്കൂളുകളെ കൂടുതലായി ഉൾപ്പെടുത്തി ബോധവൽക്കരണം നടപ്പിലാക്കണം.

വികേന്ദ്രീകൃത എസ് ടി പികൾ എല്ലാ സ്ഥലത്തും വരണം. ആദ്യം അതിന്റെ ബോധവൽക്കരണം നടത്തണം. ബ്ലോക്ക് തലത്തിലെങ്കിലും ഒരു കേന്ദ്രം കണ്ടെത്തണം. പ്രാദേശികമായി പറ്റാവുന്നത്ര ഇത് പ്രാവർത്തികമാക്കണമെന്നും എല്ലാ ജില്ലകളിലും അത്തരം സ്ഥലങ്ങൾ കലക്ടർമാർ കണ്ടെത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണവും വ്യാപകമാക്കണം. ലഹരിയുടെ ആപത്തുകൾ കൂടിവരുന്നുണ്ട്. ചില കുടുംബങ്ങളിൽ അനുഭവിക്കുന്ന പ്രയാസം വളരെ വലുതാണ്. അവർ അത് പുറത്ത് പറയുന്നില്ലെന്ന് മാത്രം. എക്സൈസ്, പോലിസ് തുടങ്ങിയ വകുപ്പുകൾ ലഹരിക്കെതിരെ പ്രവർത്തനസജ്ജരാണ്. എന്നാലും ലഹരി മാഫിയകൾക്കെതിരെ വിവിധ തലത്തിൽ വിദ്യാർത്ഥികളെ ഉപയോഗിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സാന്ത്വന പരിചരണ രംഗത്ത് നല്ല ശ്രദ്ധ പുലർത്തണം. അവശതയുള്ളവർക്കായി ജില്ലകളിൽ പ്രത്യേക പദ്ധതികളും സന്നദ്ധ സേവകരുടെ പ്രവർത്തനങ്ങളും കൂടുതൽ ഉറപ്പാക്കണം. വിവിധ സന്നദ്ധ സംഘടനകൾക്ക് തദ്ദേശസ്വയംഭരണ തലത്തിൽ രജിസ്ട്രേഷൻ നടപ്പിലാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കണം.

സംസ്ഥാനത്ത് ക്രമസമാധാന നില ഭദ്രമാണ്. എന്നാൽ ശാന്തമായ നില തകർക്കാൻ ശ്രമിക്കുന്ന ചില ശക്തികൾ ഉണ്ട്. വർഗീയ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു മുന്നോട്ട് പോകും. വർഗീയ അസ്വാസ്ഥ്യങ്ങൾ ഇല്ലാത്ത നാടാണ് നമ്മുടേത് എന്ന് നമുക്ക് പേരുണ്ട്. അത് വർഗീയ സംഘടനകൾ ഇല്ലാത്തതുകൊണ്ടല്ല. മറ്റിടങ്ങളിൽ കിട്ടുന്ന പരിലാളന അവർക്ക് ഇവിടെ കിട്ടാത്തതുകൊണ്ടാണ്. തുടർന്നും അത് കിട്ടില്ലെന്ന് ഉറപ്പു വരുത്തണം. ജില്ലാ പോലീസ് സൂപ്രണ്ടും കലക്ടറും ഉൾപ്പെട്ട സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ക്രമസമാധാനനില വിലയിരുത്തി നടപടി എടുക്കണം.

സുതാര്യതയ്ക്ക് വലിയ പ്രാധാന്യം സർക്കാർ നൽകുന്നുണ്ടെന്നും അഴിമതി തടയാൻ ശക്തമായ നടപടി കൈക്കൊള്ളണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

മന്ത്രിമാരായ കെ രാജൻ, കെ എൻ ബാലഗോപാൽ, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻ കുട്ടി, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ജി ആർ അനിൽ, ഒ ആർ കേളു, വീണ ജോർജ്, ഡോ. ആർ ബിന്ദു, എം ബി രാജേഷ്, ജെ ചിഞ്ചു റാണി, പി. പ്രസാദ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്, ജില്ലാ കളക്ടർമാർ, വകുപ്പ് സെക്രട്ടറിമാർ, മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## രണ്ടാമത് എം.കെ.ടി.എ, ആർ.എം.സി.ടി ക്രിക്കറ്റ് ടൂർണമെന്റ് കൊച്ചിയിൽ

**കൊച്ചി:** ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഘടനയായ മൈ കേരള ടൂറിസം അസോസിയേഷൻ (എം.കെ.ടി.എ) സംഘടിപ്പിക്കുന്ന രണ്ടാമത് രജിത മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് (ആർ.എം.സി.ടി) ഫെബ്രുവരി 22 മുതൽ 25 വരെ തൃപ്പൂണിത്തുറ പൂജ ഗ്രീൻഫീൽഡ് ഗ്രൗണ്ടിൽ നടക്കും. തായ്‌ലന്റ്, മലേഷ്യ, ബാലി, ഇന്തോനേഷ്യ തുടങ്ങി, രാജ്യത്തിനകത്തും പുറത്തുനിന്നുമായി ടൂറിസം മേഖലയിൽ നിന്നുള്ള 32 ടീമുകളാണ് പങ്കെടുക്കുന്നത്.

ജേതാക്കൾക്ക് ഒന്നരലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 75,000 രൂപയും ക്യാഷ്പ്രൈസും ട്രോഫിയും സമ്മാനമായി ലഭിക്കും. സെമി ഫൈനലിസ്റ്റുകൾക്ക് 15,000 രൂപ വീതവും ഓരോ മത്സരങ്ങളിലും മികവ് കാട്ടുന്നവർക്ക് വ്യക്തിഗത സമ്മാനങ്ങളും നൽകുമെന്ന് പ്രസിഡന്റ് അനി ഹനീഫ്, സെക്രട്ടറി എസ്. ദിലീപ് കുമാർ എന്നിവർ പറഞ്ഞു.

തൃക്കാക്കര എ.സി.പി പി.വി. ബേബി ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് വി.ജി. വിഷ്ണു രജിതയുടെ ഛായാചിത്രം അനാച്ഛാദനം ചെയ്യും. സ്പർഷ ഗോൾഡ് എംഡി രാകേഷ് രവീന്ദ്രൻ, സൂമ്പി ഹോളിഡേയ്സ് എംഡി രവീൺ നായർ, ടൂർ മാക്സ് എംഡി അജീഷ് ചന്ദ്രൻ, എം.കെ.ടി.എ പ്രസിഡന്റ് അനി ഹനീഫ്, സെക്രട്ടറി ദിലീപ് കുമാർ, ട്രഷറർ കെ.ആർ. ആനന്ദ്, രക്ഷധികാരി രവി കുമാർ തുടങ്ങിയവർ പങ്കെടുക്കും.

അകാലത്തിൽ വേർപിരിഞ്ഞുപോയ അസോസിയേഷൻ അംഗം രജിതയുടെ സ്മരണാർത്ഥം നടത്തുന്ന രണ്ടാമത് ടൂർണമെന്റാണിത്. ആദ്യ എഡിഷൻ കാക്കനാട് രാജഗിരി ഗ്രീൻഫീൽഡ് ഗ്രൗണ്ടിലായിരുന്നു നടന്നത്.

## കൊട്ടാരക്കര ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി ശിലാസ്ഥാപനം നാളെ

**കൊട്ടാരക്കര:** നഗരസഭയിൽ നിർമിക്കുന്ന പുതിയ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നാളെ (ജനുവരി 10) വൈകിട്ട് നാലിന് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. കൊട്ടാരക്കര താമരശ്ശേരി ജങ്ഷനിൽ നടക്കുന്ന ചടങ്ങിൽ ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ അധ്യക്ഷനാവും. കൊടിക്കുന്നിൽ സുരേഷ് എം.പി മുഖ്യാതിഥിയാകും. നാഷണൽ ആയുഷ് മിഷൻ സംസ്ഥാന മിഷൻ ഡയറക്ടർ ഡോ. സജിത് ബാബു മുഖ്യ പ്രഭാഷണം നടത്തും.

സംസ്ഥാന ആയുഷ് വകുപ്പ് നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് സ്കീം പ്രകാരം ലഭ്യമാക്കിയ 10.5 കോടി രൂപ ചെലവിട്ടാണ് കൊട്ടാരക്കര ഗവ. ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയാക്കി മാറ്റുന്നത്. 2012 ചതുരശ്ര മീറ്ററിലാണ് ആശുപത്രി സമുച്ചയം നിർമിക്കുന്നത്. ആയുർവേദ ചികിത്സയ്ക്ക് പുറമേ സിദ്ധ, യോഗ, യുനാനി, നാച്യുറോപ്പതി ചികിത്സാ സൗകര്യങ്ങളും ഇഷ്ടാനുസരണം തെരഞ്ഞെടുക്കത്തക്ക രൂപത്തിലാണ് ആയുഷ് ഇന്റഗ്രേറ്റഡ് ആശുപത്രിയായി ആയുർവേദ ആശുപത്രി പ്രവർത്തിക്കുക.

പരിപാടിയിൽ നഗരസഭാ ചെയർമാൻ എസ്.ആർ രമേശ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എ. അഭിലാഷ്, എസ് രഞ്ജിത്ത്, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ. കെ.എസ് പ്രിയ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## പരിശീലന പരിപാടി സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ജൈവ വൈവിധ്യ പരിപാലന സമിതികൾക്കായി ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പിബിആർ) പുതുക്കൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പിബിആർ പുതുക്കൽ പരിശീലന പരിപാടിയിൽ ജില്ലയിലെ 62 ജൈവ വൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി) പങ്കെടുത്തു. സംസ്ഥാന ജൈവവൈവിധ്യ ബോർഡും തിരുവനന്തപുരം ജില്ലാ ജൈവവൈവിധ്യ കോ ഓർഡിനേഷൻ കമ്മിറ്റിയും സംയുക്തമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

ചിറയിൻകീഴ് ബി.എം.സി തയ്യാറാക്കിയ ജൈവ വൈവിധ്യ രജിസ്റ്റർ ബോർഡിന് കൈമാറി. കാരോട് പഞ്ചായത്ത് ബി.എം.സി കൺവീനർ സി.രാജാമണി, പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും ഔഷധസസ്യങ്ങൾ നൽകി.

ജില്ലാ ഡെപ്യൂട്ടി പ്ലാനിങ് ഓഫീസർ കലാമുദ്ദീൻ എം, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. വി.ബാലകൃഷ്ണൻ, എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ ഇൻ ചാർജ് കെ.പ്രശാന്ത് കുമാർ, ജില്ലാ കോർഡിനേറ്റർ അക്ഷയ അനിൽ എന്നിവർ പങ്കെടുത്തു.

## ദേശീയ യുവജന ദിനം: പ്രസംഗ മത്സരം നാളെ

**കൊല്ലം:** ദേശീയ യുവജന ദിനത്തിനോടനുബന്ധിച്ച് യുവജനങ്ങൾക്കിടയിൽ ജനാധിപത്യം, വോട്ടവകാശം, തിരഞ്ഞെടുപ്പ് പങ്കാളിത്തം എന്നിവയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ജനാധിപത്യത്തെയും ഉത്തരവാദിത്തമുള്ള പൗരത്വത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാൻ യുവശബ്ദങ്ങൾക്ക് നൽകുന്നതിനുമായി അവസരം ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം ജില്ലയിലെ കോളേജ് വിദ്യാർഥികൾക്കായി കൊല്ലം എസ് എൻ വനിത കോളേജിൽ ജനുവരി 10ന് രാവിലെ 10 മുതൽ പ്രസംഗ മത്സരം നടത്തുന്നു. കോളേജ് തലങ്ങളിൽ വിജയികളായ രണ്ട് വിദ്യാർഥികൾക്കാണ് ജില്ലാതല പ്രസംഗ മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹത. വിജയികൾക്കുള്ള അവാർഡ് ദാനം ദേശീയ സമ്മതിദായക ദിനവുമായി ബന്ധപ്പെട്ട് ജനുവരി 25ന് നടക്കുന്ന പരിപാടിയിൽ വിതരണം ചെയ്യും.

# കുടുംബശ്രീ ബഡ്സ് കലോത്സവം 'തില്ലാന2025'ന് ഇന്ന് തുടക്കം

**കൊല്ലം:** ഭാവരാഗ താളങ്ങൾ സമന്വയിക്കുന്ന സർഗവേദിയിൽ കലയുടെ പുതവസന്തങ്ങൾ വിരിയിച്ച് കുടുംബശ്രീ ആറാമത് സംസ്ഥാനതല ബഡ്സ് കലോത്സവം 'തില്ലാന' 2025ന് ഇന്ന് (ജനുവരി ഒമ്പത്) കൊടിയേറും. കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ വൈകിട്ട് മൂന്നിന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും. ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ അധ്യക്ഷത വഹിക്കും. എം.മുകേഷ് എം.എൽ.എ സ്വാഗതം പറയും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്.ദിനേശൻ പദ്ധതി വിശദീകരിക്കും. മേയർ ഏണസ്റ്റ് പ്രസന്ന മുഖ്യ പ്രഭാഷണം നടത്തും. എം.നൗഷാദ് എം.എൽ.എ ബഡ്സ് തീം ഉൽപന്ന വിപണന സ്റ്റാൾ ഉദ്ഘാടനം ചെയ്യും.

വേദി ഒന്ന്മഞ്ഞ്, വേദി രണ്ട്രംഗം, വേദി മൂന്ന്സുകൃതം, വേദി നാല്കടവ്, വേദി അഞ്ച്കളിവീട് എന്നിങ്ങനെയാണ് മത്സരങ്ങൾ. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പ്രവർത്തിക്കുന്ന കുടുംബശ്രീ ബഡ്സ് സ്കൂളിലെയും 18 വയസു കഴിഞ്ഞവരുടെ പകൽപരിപാലനത്തിനായുള്ള ബഡ്സ് പുനരധിവാസ കേന്ദ്രത്തിലെയും ഉൾപ്പെടെ കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികളാണ് പങ്കെടുക്കുക. ജില്ലാതല മത്സരങ്ങളിൽ വിജയികളായ കുട്ടികളാണ് സംസ്ഥാനതലത്തിൽ മത്സരിക്കുന്നത്. 14 ജില്ലകളിൽ നിന്നായി 450ലേറെ മത്സരാർത്ഥികൾ പ്രതിഭയുടെ മാറ്റുരയ്ക്കാൻ എത്തിയിട്ടുണ്ട്.

എം.എൽ.എമാരായ പി.എസ് സുപാൽ, കോവൂർ കുഞ്ഞുമോൻ, ജി.എസ് ജയലാൽ, പി.എസ് വിഷ്ണുനാഥ്, സി.ആർ മഹേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഗോപൻ, ഡെപ്യൂട്ടി മേയർ കൊല്ലം മധു, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ അഡ്വ.അനിൽ എസ്.കല്ലേലിഭാഗം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ഡോ.സി.ഉണ്ണിക്കൃഷ്ണൻ, കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷരായ ഗീതാ കുമാരി, എസ്.ജയൻ, അഡ്വ.എ.കെ സവാദ്, വാർഡ് കൗൺസിലർ ഹണി ബഞ്ചമിൻ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.ബി.ശ്രീജിത്ത്, സി.ഡി.എസ് അധ്യക്ഷമാരായ സുജാത രതികുമാർ, സിന്ധു വിജയൻ എന്നിവർ ആശംസകൾ അർപ്പിക്കും. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വിമൽ ചന്ദ്രൻ ആർ നന്ദി പറയും.

## ശ്രീചിത്ര തിരുനാൾ എൻജിനിയറിങ് കോളേജ് സംഘടിപ്പിച്ച സ്പാർക് എക്സ് വിജയകരം: ഒരേ ദിവസം മൂന്നു സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു

**തിരുവനന്തപുരം:** ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എൻജിനിയറിങ്ങിന്റെ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷപ്പ് ഡെവലപ്മെന്റ് സെൽ സ്പാർക്ക് എക്സ് പരിപാടി വിപുലമായി സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി മൂന്ന് സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. എക്സോബോണിക്, ബ്രൂബിസ്, സാപ്പിയന്റ് എന്നിവയാണ് സ്റ്റാർട്ടപ്പുകൾ.എക്സോബോണിക് പാരാലിസിസ് ബാധിതർക്കായി സാങ്കേതിക വിദ്യ വികസിപ്പിച്ചു. പരാശ്രയം കൂടാതെ വിവിധ പ്രവർത്തികൾ ചെയ്യാൻ ഇത് അവരെ പ്രാപ്തരാക്കും. ജീവകബാക്ടീരിയകൾ ഉൾപ്പെടുത്തി പ്രൊബയോട്ടിക് പാനീയങ്ങൾ വിപണിയിലെത്തിക്കുകയെന്നതാണ് ബ്രൂബിസ് എന്ന സ്റ്റാർട്ടപ്പ് ലക്ഷ്യമിടുന്നത്.സാപ്പിയന്റ് എന്ന സ്റ്റാർട്ടപ്പ് സാങ്കേതിക രംഗത്ത് വിപ്ലകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ട് എഐ പിന്തുണയോടെയുള്ള ഒരു പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം അവതരിപ്പിച്ചു.

## സംസ്കൃത സർവ്വകലാശാലയിൽ സെമിനാർ ഇന്ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സ്റ്റുഡന്റ്സ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സെമിനാർ ജനുവരി ഒൻപതിന് രാവിലെ ഒൻപതിന് കാലടി മുഖ്യ ക്യാമ്പസിലുള്ള യൂട്ടിലിറ്റി സെന്ററിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. ' സീക്രട്ട്സ് ഓഫ് എ മാര്യേജ് ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന സെമിനാറിൽ ഡോ. റെയ്നി ജോൺ, അഖിലു തോമസ് എന്നിവർ പ്രഭാഷണം നടത്തും.

## പൈനൂരിൽ കൊയ്ത്തുത്സവം; നൂറുമേനി വിളവുകൊയ്ത് കർഷകർ

**കയ്പമംഗലം:** ഞാറ്റുപാട്ടിൻറെ ഈരടിയിൽ എടത്തിരുത്തി പൈനൂരിൽ കൊയ്ത്തുത്സവം. എടത്തിരുത്തി പൈനൂരിൽ പുത്തൻപുര രവീന്ദ്രൻറെ അഞ്ചേക്കർ പാടത്താണ് കർഷകരായ കടവത്ത് കുമാരനും സുരപ്പനുംചേർന്ന് നെൽക്കൃഷിയിറക്കിയത്. കർഷകസംഘം സംഘടിപ്പിച്ച ജില്ലാ ശില്പശാലയിൽ പങ്കെടുത്ത ഇരുവരും പുതിയ കാർഷികരീതികളും പുതിയ വിത്തിനങ്ങളെയും കുറിച്ചുള്ള അറിവ് സ്വായത്തമാക്കിയാണ് ഇത്തവണ കൃഷിയിലേക്കിറങ്ങിയത്.
കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത ഉയർന്ന വിളവുനല്കുന്ന മനുരത്ന വിത്തിനമാണ് കൃഷിക്കുപയോഗിച്ചത്.
എടത്തിരുത്തി കൃഷിഭവൻറെ സഹകരണവും ഇവർക്കുലഭിച്ചു. ഇന്നലെ രാവിലെ കർഷകസംഘം നാട്ടിക ഏരിയാസെക്രട്ടറി അഡ്വ. വി.കെ. ജ്യോതിപ്രകാശ് കൊയ്ത്തുത്സവം ഉദ്ഘാടനംചെയ്തു.
എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ടി.കെ. ചന്ദ്രബാബു, വാർഡ് മെമ്പർ പി.എച്ച്. ബാബു, കൃഷി ഓഫീസർ കെ.എ. മേഘ, കൃഷി അസിസ്റ്റൻറ് വിപിൻകുമാർ, കർഷകസംഘം നേതാക്കളായ ബാബു പണിക്കെട്ടി, കെ.വി. പ്രസാദ്, സിപിഎം നേതാക്കളായ കെ.വി. ശ്രീധരൻ, ശ്രീരാജു തുടങ്ങിയവർ പ്രസംഗിച്ചു.

## വേനൽ കനക്കുന്നു; തീപിടിത്തം തടയാൻ വനംവകുപ്പ് നടപടി തുടങ്ങി

ഒറ്റപ്പാലം: വേനൽ കനക്കുന്നു, തീപിടിത്തം തടയാൻ മുന്നൊരുക്കം തുടങ്ങി. വനംവകുപ്പധികൃതരാണ് വനസമ്പത്ത് സംരക്ഷിക്കാൻ നടപടികൾ ആരംഭിച്ചത്. അഞ്ച് വനപ്രദേശങ്ങളിലാണ് തീപിടിച്ചാൽ വ്യാപിക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്.

നാല് ഹെക്ടർ പരിധിയിലെ വനഭൂമി സംരക്ഷിക്കാൻ അടിക്കാടുകൾക്ക് തീയിട്ട് പടരാതിരിക്കാനുള്ള സംവിധാനമൊരുക്കുന്ന 'അഡ്വാൻസ് ബേണിംഗാണ്' ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. ഒറ്റപ്പാലം, ചളവറ, പട്ടാമ്പി പ്രദേശങ്ങളിലാണ് മുന്നൊരുക്കം പൂർത്തിയായത്. ഒറ്റപ്പാലത്ത് പ്രധാനമായും അനങ്ങൻമല കേന്ദ്രീകരിച്ചാണ് പ്രവർത്തനം. സ്ഥിരമായി കാട്ടുതീ പടരുന്ന സ്ഥലമാണ് അനങ്ങൻമലയിലെ ഒറ്റപ്പാലം, അമ്പലപ്പാറ, അനങ്ങനടി, തൃക്കടീരി പഞ്ചായത്തുകളുടെ പ്രദേശങ്ങൾ. ഇവിടെയാണ് പ്രധാനമായും കാട്ടുതീ പടരുന്നത് തടയുന്ന നടപടി പൂർത്തിയാക്കിയിട്ടുള്ളത്. അനങ്ങൻമല ബ്ലോക്കിലെ നാലാംമൈൽ, പനമണ്ണ, കാപ്പിക്കാട് ഭാഗങ്ങളിലായി രണ്ടുഹെക്ടറിലാണ് സംരക്ഷിതനടപടികൾ നടത്തിയത്.കുളപ്പുള്ളി സെക്ഷൻ പരിധിയിലെ ചളവറ കാരാട്ടുകുറുശി ഭാഗത്തും പട്ടാമ്പി സെക്ഷൻ പരിധിയിലെ ചെറുകോട് ഭാഗത്തും ഒരുഹെക്ടർ വീതമുള്ള സ്ഥലത്തും കാട്ടുതീ പടരാതിരിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

## കരുമാല്ലൂർകുന്നുകര കുടിവെള്ള പദ്ധതി : ഒന്നാംഘട്ട പാക്കേജിന്റെ ടെൻഡറിന് മന്ത്രിസഭാ അംഗീകാരം

**കരുമാലൂർ:** കരുമാലൂർകുന്നുകര പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയിലെ ഒന്നാം ഘട്ട പാക്കേജിലെ പ്രവൃത്തികളുടെ ടെൻഡറിന് മന്ത്രിസഭായോഗം അംഗീകാരം നൽകി.



പാക്കേജിൽ ഉൾപ്പെട്ട കിണർ, പമ്പ് ഹൗസ് നിർമ്മാണം, പൊതു പ്രവൃത്തികൾ എന്നിവ ഉൾപ്പെട്ട ടെൻഡറിനാണ് അനുമതി. അടുത്ത രണ്ട് ടെൻഡറുകളിൽ വൈകാതെ തീരുമാനമാനമാകുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിൻറെ ആവശ്യകത കണക്കിലെടുത്ത് 13.33 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്. കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ടെൻഡറിനാണ് അംഗീകാരമായത്. കഴിഞ്ഞവർഷം ജൂണിൽ ആദ്യ ടെണ്ടർ വിളിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദാക്കിയിരുന്നു. റീ ടെണ്ടറിലൂടെയാണ് പുതിയ കരാറുകാരെ കണ്ടെത്തിയത്.

കുന്നുകര, കരുമാല്ലൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 51.30 കോടിയാണ്. പദ്ധതി ശേഷി ഒന്പത് എംഎൽഡിയിൽ നിന്ന് 20 എംഎൽഡി ആയി ഉയർത്തിയ സാഹചര്യത്തിലാണ് അടങ്കൽ തുക നേരത്തെ നിശ്ചയിച്ച 36.50 കോടിയിൽ നിന്ന് ഉയർത്തിയത്.

പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കിയിരുന്നു. കുന്നുകര പഞ്ചായത്തിലെ മൂന്ന് സർവ്വേ നമ്പറുകളിൽ ആയി 86.5 സെൻറ് ഭൂമിയും കരുമാല്ലൂർ പഞ്ചായത്തിലെ 12 സെൻറ് സ്ഥലവുമാണ് പദ്ധതിക്കായി ഏറ്റെടുത്തത്. കിഫ്ബി തുക അനുവദിച്ച പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിന് മാത്രമായി 2.40 കോടി രൂപ ആദ്യം അനുവദിച്ചിരുന്നു.

ഇതു മതിയാകാതെ വന്നതിനെത്തുടർന്ന് 57.95 ലക്ഷം രൂപ കൂടി ഇതിനായി നൽകി. കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളായ കിണർ, ജല ശുദ്ധീകരണ ശാല, ജലസംഭരണികൾ എന്നിവ നിർമിക്കുന്നതിന് ആണ് സ്വകാര്യ ഭൂമി ഏറ്റെടുത്തത്. 2021 ജൂൺ 27നാണ് പദ്ധതിക്കായുള്ള മണ്ണ് പരിശോധന ആരംഭിച്ചത്. ഇത് മൂന്നുമാസത്തിനുള്ളിൽ പൂർത്തിയാക്കി സെപ്റ്റംബറിൽ സർവേ ആരംഭിച്ചു.

മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഏറ്റവും പ്രധാന പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഇതോടെ വഴിയൊരുങ്ങിയതായി മന്ത്രി പി. രാജീവ് പറഞ്ഞു. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

## മധ്യതിരുവിതാംകൂർ കാർഷിക, പുഷ്പമേള ഇന്നുമുതൽ

**കോഴഞ്ചേരി:** മധ്യതിരുവിതാംകൂർ കാർഷിക പുഷ്പമേള 9 മുതൽ 19 വരെ കോഴഞ്ചേരി പഞ്ചായത്ത് മൈതാനത്തു നടക്കും. 9ന് 4.30ന് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. അഗ്രിഹോർട്ടി സൊസൈറ്റി പ്രസിഡന്റ് വിക്ടർ ടി.തോമസ് അധ്യക്ഷത വഹിക്കും. പൊതുസമ്മേളനം ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്യും. പുഷ്പമേള, അമ്യൂസ്മെന്റ് പാർക്ക്, കന്നുകാലി പ്രദർശനം, ഡോഗ് ഷോ, സെമിനാറുകൾ, ദിവസവും വൈകിട്ട് കലാസന്ധ്യ, സാംസ്കാരിക പരിപാടികൾ, മത്സരങ്ങൾ, നൂറോളം കാർഷിക സസ്യ വ്യാവസായിക സ്റ്റാളുകൾ, ഫുഡ്കോർട്ട് എന്നിവ വിവിധ സന്നദ്ധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ നടക്കും.

8ന് 4ന് സെന്റ് തോമസ് കോളജ് കവാടത്തിൽ നിന്ന് പ്രച്ഛന്ന വേഷധാരികളായി പുരുഷ വനിത ടീമുകളുടെ ഇരുചക്രവാഹന റാലി മത്സരം ടൗൺ ചുറ്റി വിവിധ പഞ്ചായത്തുകളിലൂടെ സഞ്ചരിച്ച് മൈതാനത്ത് സമാപിക്കും. പത്തനംതിട്ട ഡിവൈഎസ്പി എൻ.കെ.നന്ദകുമാർ ഉദ്ഘാടനം ചെയ്യും. സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് വികാരി റവ. ഏബ്രഹാം തോമസ് അനുഗ്രഹ പ്രഭാഷണം നടത്തും. സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. ജോർജ് കെ.അലക്സ് മുഖ്യപ്രഭാഷണം നടത്തും. പഞ്ചായത്ത് പ്രസിഡന്റ് റോയി ഫിലിപ് അധ്യക്ഷത വഹിക്കും. 11ന് 9ന് കുട്ടികളുടെ കലാമത്സരങ്ങൾ മാർത്തോമ്മാ ഇംഗ്ലിഷ് മീഡിയം സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും.കോഴഞ്ചേരി പഞ്ചായത്ത്, സെൻട്രൽ ട്രാവൻകൂർ ഡവലപ്മെന്റ് കൗൺസിൽ, കോഴഞ്ചേരി അഗ്രിഹോർട്ടി സൊസൈറ്റി, കേന്ദ്ര കൃഷിവിജ്ഞാന കേന്ദ്രം, സെന്റ് തോമസ് കോളജ് അലമ്നൈ അസോസിയേഷൻ, വ്യാപാരി വ്യവസായി ഏകോപന സമിതി കോഴഞ്ചേരി യൂണിറ്റ്, സമീപ പഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിലാണ് കാർഷിക പുഷ്പമേള നടക്കുകയെന്ന് പഞ്ചായത്ത് പ്രസിഡന്റ് റോയി ഫിലിപ്, ജനറൽ കൺവീനർമാരായ പ്രസാദ് ആനന്ദഭവൻ എന്നിവർ പറഞ്ഞു

## നെൽപ്പാടങ്ങൾ ഉണക്കുഭീഷണിയിൽ

**നെന്മാറ:** പോത്തുണ്ടിഡാം വെള്ളം വാലറ്റ പ്രദേശങ്ങളിലെത്തുന്നില്ലെന്നു കർഷകരുടെ പരാതി. അണക്കെട്ടിലെ ഷട്ടർ തകരാറിലായതിനെത്തുടർന്ന് 20 ദിവസം കഴിഞ്ഞിട്ടും വെള്ളമെത്താത്തതിനാൽ നെൽപ്പാടങ്ങൾ വീണ്ടുകീറി ഉണക്കഭീഷണിയിലാണ്. തിരുവഴിയാട്, തട്ടാൻപാറ, മങ്ങാട്ടുപാടം, അയിലൂരിലെ പുതുച്ചി, ചീതാവ്, പാലമുക്ക്, വണ്ടാഴി പഞ്ചായത്തിലെ തണ്ടലോട്, ആന്തൂർ കുളമ്പ് പ്രദേശങ്ങളിലും വെള്ളം ലഭിക്കാതെ നെൽപ്പാടങ്ങൾ വിണ്ടുകീറിത്തുടങ്ങി.



ജലവിതരണ കലണ്ടർ പ്രകാരം നിശ്ചയിച്ച ദിവസത്തിൽ നിന്നും അഞ്ചുദിവസത്തോളം വൈകിയാണ് മൂന്നാം ഘട്ടം ജലവിതരണം ആരംഭിക്കാൻ കഴിഞ്ഞത്. ഇതോടെ രണ്ടാംഘട്ടം ഷട്ടർ അടച്ചതിനു ശേഷം 20 ദിവസത്തിലേറെ വാലറ്റ പ്രദേശങ്ങളിൽ വെള്ളംകിട്ടാൻ വൈകി. അണക്കെട്ടിലെ ഷട്ടർ തകരാർ മൂലം 70 സെൻറീമീറ്റർ വരെ മാത്രമേ ഇപ്പോൾ വെള്ളം വിതരണത്തിനായി ഷട്ടർ തുറക്കാൻ കഴിഞ്ഞിട്ടുള്ളൂ. 90 സെൻറീമീറ്റർ എങ്കിലും ഉയർത്തിയാലേ എല്ലാ ബ്രാഞ്ചുകൾ കനാലുകളിലൂടെയും ഒരേസമയം കൂടുതൽ അളവിൽ ജലവിതരണം നടത്തി ഉണക്ക ഭീഷണി ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്നാണ് കർഷക പ്രതിനിധികൾ പറയുന്നത്.

കൂടുതൽ അളവിൽ വെള്ളം വിടാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് ജലസേചന വകുപ്പ് അധികൃതർ പറഞ്ഞു. അടുത്തഘട്ടം ജലവിതരണത്തിനുള്ള ഇടവേളയിൽ ഷട്ടറിൻറെ തകരാർ പൂർണമായി പരിഹരിക്കാനുള്ള നടപടികളാണ് ജലസേചന വകുപ്പ് എടുത്തു വരുന്നത്. മൂന്നാംഘട്ട ജലവിതരണത്തിന് ഡാം തുറക്കാൻ തയാറാവുന്ന സമയത്താണ് ഷട്ടർ തകരാറിലായതും പാലക്കാട്ടുനിന്ന് മെക്കാനിക്കൽ വിഭാഗവും മുങ്ങൽവിദഗ്ധരുമെത്തി ഡാം ഷട്ടർ ഭാഗികമായി തുറക്കാൻ കഴിഞ്ഞത്.



# കേരളത്തിലെ ലുലുമാളുകളിൽ മെഗാ ഷോപ്പിങ്ങിന് ഇന്ന് തുടക്കം




**കൊച്ചി:** സംസ്ഥാനത്തെ ലുലുമാളുകളിലും ലുലു ഡെയ്‌ലിയിലും 50 ശതമാനം കിഴിവിൽ ഷോപ്പിങ് ഉത്സവത്തിന് ഇന്ന് തുടക്കം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് , കോട്ടയം, പാലക്കാട് ലുലുമാളുകളിലും തൃപ്രയാർ വൈമാളിലും തൃശൂർ ഹൈലൈറ്റ് മാളിലെ ലുലു ഡെയ്‌ലി, മരട് ഫോറം മാളിലെ ലുലു ഡെയ്‌ലി, കൊല്ലം ഡ്രീംസ് മാളിലെ ലുലു ഡെയ്‌ലി എന്നിവിടങ്ങളും 50%ഓഫറുകൾ ലഭിക്കുന്നത്. ലുലു ഓൺ സെയിലിന് ഒപ്പം തന്നെ ലുലു ഹൈപ്പർ മാർക്കറ്റ്, ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നിവിടങ്ങളിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലുമാണ് ഇന്നു മുതൽ 12 വരെ ലുലുമാളുകളിലും ലുലു ഡെയ്‌ലികളിലും നടക്കുന്നത്. എൻഡ് ഓഫ് സീസൺ സെയിലുടെ ലുലു ഫാഷൻ സ്റ്റോറിൽ വില കിഴിവ് ഈ മാസം 19വരെ ലഭിക്കും.അന്താരാഷ്ട്ര ബ്രാൻഡുകൾ ഉൾപ്പെടുന്ന ലുലു മാളുകളിലെ വിവിധ ഷോപ്പുകൾ ലുലു ഓൺ സെയിലിന്റെ ഭാഗമാകും.

കൂടാതെ 50 ശതമാനം വിലക്കുറവിൽ ലുലു കണക്ട് , ലുലു ഫാഷൻ, ലുലു ഹൈപ്പർ എന്നിവയിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെയും സാധിക്കും. ടിവി, വാഷിങ് മെഷിൻ, ഫ്രിഡ്ജ് തുടങ്ങി വീട്ടുപകരണങ്ങളും, ഇലക്ട്രോണിക് ഉപകരണങ്ങളും 50 ശതമാനം കിഴിവിൽ സ്വന്തമാക്കാം. ഇതിന് പുറമേ ലുലു ഹൈപ്പറിൽ നിന്ന് റീട്ടെയിൽ ഉത്പന്നങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയും 50 ശതമാനം കിഴിവിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെ വാങ്ങിക്കാൻ സാധിക്കും. ലുലു ഹൈപ്പർമാർക്കറ്റ്, ഫാഷൻ സ്റ്റോർ, ലുലു സെലിബ്രേറ്റ് അടക്കമുള്ള എല്ലാ ഷോപ്പുകളിലും വിലക്കിഴിവിലൂടെ ഷോപ്പിങ് നടത്താൻ ഓഫറിലൂടെ സാധിക്കുമെന്നും അധികൃതർ വ്യക്തമാക്കി. ലുലു ഫാഷനിൽ ലുലുവിന്റെ ബ്രാൻഡുകൾക്ക് പുറമേ അന്താരാഷ്ട്ര ബ്രാൻഡുകളടക്കം അഞ്ഞൂറിലധികം ബ്രാൻഡുകൾ എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി പ്രവർത്തിക്കുകയാണ്. ജുവലറി, സെപ്ക്സ്, കോസ്മെറ്റിക്സ് ആൻഡ് ബ്യൂട്ടി എന്നിവയെല്ലാം വിലക്കുറവിൽ സ്വന്തമാക്കാം. ലുലു ഫുഡ് കോർട്ടിലെ എല്ലാ ഷോപ്പുകളും, വിനോദകേന്ദ്രമായ ഫണ്ട്യൂറയും രാത്രി വൈകിയും ജനുവരി ഇന്ന് മുതൽ 12 വരെയുള്ള ദിവസങ്ങളിൽ തുറന്ന് പ്രവർത്തിക്കും. കൊച്ചി ലുലുമാളിലെ ഓഫർ കാലം കണക്കിലെടുത്ത് മെട്രോ സർവീസ് രാത്രി 12 വരെ നടത്തും. എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി തുടങ്ങിയ വിൽപ്പന 19 വരെ നടക്കും.




## ബാങ്കേഴ്സ് ക്ലബ്ബ് കുടുംബ സംഗമം

**കൊച്ചി:** ബാങ്കേഴ്സ് ക്ലബ്ബ് കൊച്ചി അംഗങ്ങളുടെ കുടുംബസംഗമം സംഘടിപ്പിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഇന്റേണൽ ഓംബുഡ്സ്മാനും മോട്ടിവേഷണൽ സ്പീക്കറുമായ കെ എ ബാബു ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ചലച്ചിത്രകാരനും ദേശീയ അവാർഡ് ജേതാവുമായ ശരൺ വേണുഗോപാൽ പങ്കെടുത്തു. മെന്റലിസ്റ്റ് ജയസൂര്യ ബാലചന്ദ്രന്റെ പ്രകടനവും ഉണ്ടായിരുന്നു. ബാങ്കേഴ്സ് ക്ലബ്ബ് കൊച്ചി പ്രസിഡന്റ് ബിജു പുന്നച്ചാലിൽ, സെക്രട്ടറി ,ലക്ഷ്മി സി ദേവി, ട്രഷറർ ശ്രീ രാജേഷ് മൂത്തേടൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## എസ് യുഡി ലൈഫ് മിഡ്ക്യാപ് മൊമെന്റം ഇൻഡക്സ് ഫണ്ട് അവതരിപ്പിക്കുന്നു

**കൊച്ചി:** പുതുവർഷത്തിൽ എസ് യുഡി ലൈഫ് മിഡ്ക്യാപ് മൊമെന്റം ഇൻഡക്സ് ഫണ്ട് അവതരിപ്പിക്കുന്നു സ്റ്റാർ യൂണിയൻ ഡായ്ഇച്ചി ലൈഫ് ഇൻഷുറൻസ് കോ. ലിമിറ്റഡ് (എസ് യുഡി ലൈഫ്). ഇതിലൂടെ പോളിസി ഉടമകൾക്ക് ഇന്ത്യയുടെ ഡൈനാമിക് മിഡ് ക്യാപ് മാർക്കറ്റിന്റെ വളർച്ചാ സാധ്യതകളിൽ നിന്ന് പ്രയോജനം നേടാനുള്ള അവസരം ഒരുക്കുകയാണെന്ന് എസ് യുഡി ലൈഫ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ പ്രശാന്ത് ശർമ്മ പറഞ്ഞു.

നിലവിൽ എസ്യുഡി ലൈഫ് സ്റ്റാർ തുലിപ്, എസ് യുഡി ലൈഫ് വെൽത്ത് ക്രിയേറ്റർ, എസ് യുഡി ലൈഫ് വെൽത്ത് ബിൽഡർ, എസ് യുഡി ലൈഫ് ഇവെൽത്ത് റോയൽ എന്നിവയ്ക്ക് കീഴിൽ മിഡ്ക്യാപ് മൊമെന്റം ഇൻഡക്സ് ഫണ്ട് ലഭ്യമാണ്.ഉയർന്ന വളർച്ചയ്ക്ക് പ്രാധാന്യം നൽകുന്നതും ഇക്വിറ്റി മാർക്കറ്റുകളുടെ ഉടമസ്ഥതയിൽ ഇല്ലാത്തതുമായ തെളിയിക്കപ്പെട്ട ബിസിനസ് മോഡലാണ് മിഡ്ക്യാപ് കമ്പനികൾ. മിഡ്ക്യാപ് സൂചികകളിലെ നിക്ഷേപം ലാർജ്ക്യാപ് സൂചികകളുമായി താരതമ്യപ്പെടുത്തുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ മികച്ച വരുമാനം നൽകുന്നവയാണ്. ഓരോ ആറു മാസം കൂടുമ്പോഴും എസ് യുഡി ലൈഫ് മിഡ്ക്യാപ് മൊമെന്റം ഇൻഡക്സ് ഫണ്ട് മികച്ച പ്രകടനം നടത്തുന്ന സ്റ്റോക്കുകൾ നിലനിർത്തി ദുർബലമായവ നീക്കം ചെയ്യുന്നതിലൂടെ വരുമാനം വർധിപ്പിക്കുന്നതിന് സഹായിക്കുന്നുവെന്നും പ്രശാന്ത് ശർമ്മ പറഞ്ഞു.

## വിഎഫ്എഫ് പുതുവത്സരാഘോഷ സമാപനം നാളെ മുതൽ

**വൈപ്പിൻ:** ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായ പുതുവത്സരാഘോഷ സമാപനം കുഴുപ്പിള്ളി ബീച്ചിൽ ഈ മാസം 10, 11, 12 തീയതികളിൽ നടക്കും.10ന് കുഴുപ്പിള്ളി ബീച്ചിൽ വൈകുന്നേരം 3.30 ന് ഘോഷയാത്രയോടെ പുതുവത്സരാഘോഷത്തിന് തുടക്കമാകും. തുടർന്ന് സംസ്കാരിക സമ്മേളനം നടക്കും. പഞ്ചായത്ത് പ്രസിഡന്റും ഫോക്‌ലോർ ഫെസ്റ്റ് ജനറൽ കൺവീനറുമായ കെ എസ് നിബിന്റെ അധ്യക്ഷതയിൽ കെ എൻ ഉണ്ണിക്കൃഷ്ണന്ന് എംഎൽഎ ഉദ്ഘാടനം ചെയ്യും. പ്രമുഖർ പങ്കെടുക്കും. തുടർന്ന് പളിയ നൃത്തം നടക്കും. ജനുവരി 11 നു വൈകിട്ട് നാലു മുതൽ ബീച്ച് ജൂഡോ മത്സരം, മടാട്ട് നൃത്തം, ഗാനമേള എന്നിവ നടക്കും.12 ന് ഉച്ചയ്ക്ക് 2 മുതൽ ബീച്ച് വടം വലി മത്സരവും ബീച്ച് ഗുസ്തി മത്സരവും നടക്കും. തുടർന്ന് കോപ്പാ ബാൻഡിന്റെ പ്രകടനവും ഗദ്ദികയും അരങ്ങേറും.അന്ന് വൈകിട്ട് ആറിന് സാംസ്കാരിക സമാപന സമ്മേളനത്തിൽ രാജു നാരായണ സ്വാമി മുഖ്യപ്രഭാഷകനാകും. കെ എൻ ഉണ്ണികൃഷ്ണൻ സന്നിഹിതനാകും. ഡെന്നീസൺ കോമത്ത്, രാഗം ടീച്ചർ, കെ ജെ ഷൈൻ ടീച്ചർ, ഫ്രാഗ് പ്രസിഡന്റ് അഡ്വ. വി പി സാബു, കെ എസ് നിബിൻ എന്നിവർ സംസാരിക്കും.

## പ്രീകോൺക്ലേവ് 10ന്

**കൊച്ചി:** കേരള സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന് മുന്നോടിയായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സംഘടിപ്പിക്കുന്ന പ്രീകോൺക്ലേവ് ജനുവരി 10ന് കാലടി മുഖ്യക്യാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ രാവിലെ 10ന് ആരംഭിക്കുന്ന സിമ്പോസിയവും എക്സിബിഷനും വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യും. 'ഉന്നതവിദ്യാഭ്യാസവും വിജ്ഞാനസമൂഹവും : ഭാഷമാനവികസോഷ്യൽ സയൻസ് മേഖലകളിലെ പ്രത്യാഘാതങ്ങൾ' എന്നതാണ് സിമ്പോസിയത്തിന്റെ വിഷയം. ഡോ. യമുന കെ., സിമ്പോസിയത്തിൽ അധ്യക്ഷയായിരിക്കും. ഡോ. എ.കെ. രാമകൃഷ്ണൻ, സുനിൽ പി. ഇളയിടം, ഡോ. കവിത ബാലകൃഷ്ണൻ, അനശ്വർ കൃഷ്ണദേവ് എന്നിവർ പ്രസംഗിക്കും.

# വനിതകൾക്കായി മാത്രമായുള്ള പ്രത്യേക ഇൻഷുറൻസ് പ്ലാൻ പുറത്തിറക്കി

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, ഐസിഐസിഐ പ്രൂ വിഷ് എന്ന പേരിൽ സ്ത്രീകൾക്ക് മാത്രമായി പ്രത്യേകം രൂപകൽപന ചെയ്ത ഇൻഷുറൻസ് പ്ലാൻ പുറത്തിറക്കി. ഹൃദ്രോഗം, ബ്രസ്റ്റ് ക്യാൻസർ, കെർവിക്കൽ ക്യാൻസർ, യൂട്രിൻ ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങളുടെ രോഗനിർണയത്തിനായി ഉടനടി ആരോഗ്യ പരിരക്ഷ തുകയുടെ 100% വരെ നൽകുന്ന തരത്തിലാണ് പ്രൂ വിഷ് രൂപകൽപന ചെയ്തിരിക്കുന്നത്. ഈ പ്ലാനിൽ പ്രീമിയം തുക 30 വർഷത്തേക്ക് സ്ഥിരമായി മാറ്റമില്ലാതെ തുടരും. പ്രീമിയം ഹോളിഡേയാണ് മറ്റൊരു ശ്രദ്ധേയമായ സവിശേഷത. പ്രീമിയം പേയ്മെന്റ് കാലയളവിൽ എപ്പോൾ വേണമെങ്കിലും ഉപഭോക്താവിന് 12 മാസത്തേക്ക് പ്രീമിയം അടയ്ക്കേണ്ടതില്ല. ഉപഭോക്താക്കൾക്ക് പ്രസവ സങ്കീർണതകൾ, നവജാത ജന്മനാ അസുഖങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരിരക്ഷ നേടാനുള്ള ഓപ്ഷനും ഐസിഐസിഐ പ്രൂ വിഷ് വാഗ്ദാനം ചെയ്യുന്നു. 30 വർഷത്തേക്ക് പ്രീമിയം ഗ്യാരണ്ടി നൽകുന്നതിനൊപ്പം, ചില മെഡിക്കൽ സാഹചര്യങ്ങളിൽ ഉപഭോക്താക്കൾക്ക് ഒന്നിലധികം ക്ലെയിമുകൾ ഉന്നയിക്കാൻ അനുവദിക്കുന്ന രീതിയിലാണ് ഐസിഐസിഐ പ്രൂ വിഷ് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു.




# കേരള ബാങ്കും മിൽമയും ധാരണാപത്രം ഒപ്പുവച്ചു

**തിരുവനന്തപുരം:** ആഭ്യന്തര പാലുത്പാദനം വർധിപ്പിക്കുന്നതിനും ക്ഷീര കർഷകരുടെയും മിൽമ ഡീലർമാരുടെയും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി കേരള ബാങ്കുമായി മിൽമ ധാരണ പത്രം ഒപ്പുവച്ചു.

ഇന്നലെ കേരള ബാങ്ക് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കലിൻറെയും മിൽമ ചെയർമാൻ കെ.എസ്. മണിയുടെയും സാന്നിധ്യത്തിൽ ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോയും മിൽമ മാനേജിംഗ് ഡയറക്ടർ ആസിഫ് കെ. യൂസഫും ആണ് ധാരണ പത്രത്തിൽ ഒപ്പുവച്ചത്.

ധാരണ പ്രകാരം ക്ഷീരകർഷകർക്ക് കേരള ബാങ്കിൻറെ ക്ഷീര മിത്ര വായ്പാ പദ്ധതിയിലൂടെ ലളിതമായ വ്യവസ്ഥയിൽ കന്നുകാലികളെ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി മൂന്നു ലക്ഷം രൂപ വരെ കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാകും.




കൂടാതെ മിൽമയുടെ ഫ്രാഞ്ചൈസി ഉടമകൾക്ക് അവരുടെ വിറ്റുവരവിൻറെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ ലഭിക്കുന്ന മിൽമ ഫ്രാഞ്ചൈസി കാഷ് ക്രെഡിറ്റ് ലോണും അനുവദിക്കും.

കേരളത്തിലെ രണ്ട് പ്രമുഖ സഹകരണ സ്ഥാപനങ്ങൾ ചേർന്നുള്ള ഈ ധാരണയിലൂടെ 10.6 ലക്ഷത്തിലധികം ക്ഷീരകർഷകർക്കും മുപ്പതിനായിരത്തിലധികം പാൽ വിതരണ ഏജൻസികൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കേരള ബാങ്കിൻറെ ക്ഷീര മിത്ര വായ്പയുടെയും ഫ്രാഞ്ചൈസി വായ്പയുടെയും പ്രയോജനം ലഭിക്കും.



# സൗജന്യ ജി.ഡി.എ.ജി.സി.ആർ.എ കോഴ്സിന് ആസ്റ്റർ മെഡ്സിറ്റിയിൽ തുടക്കം

**കൊച്ചി:** ആസ്റ്റർ ഡിഎം ഫൗണ്ടേഷനും ആസ്റ്റർ വോളന്റിയേഴ്സും ചേർന്ന് ആലപ്പുഴ ജില്ലാ ഭരണകൂടത്തിന്റെയും കേരള നൈപുണ്യ വികസന മിഷന്റെയും സഹകരണത്തോടെ വൃദ്ധ പരിചരണം, കിടപ്പ് രോഗി പരിചരണം എന്നീ രണ്ടു തൊഴിലധിഷ്ഠിത കോഴ്സുകൾ ആസ്റ്റർ മെഡ്സിറ്റിയിൽ ആരംഭിച്ചു.

വൃദ്ധ പരിചരണം, കിടപ്പ് രോഗി പരിചരണം തുടങ്ങി എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ആരോഗ്യ പരിരക്ഷാ സംവിധാനത്തിന്റെ ഭാഗമാകുന്നതിൽ സന്തോഷമുണ്ടെന്നും നിർധനരായ കുടുംബങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യസേവന രംഗത്ത് ജോലിസാധ്യതകൾ വർധിപ്പിക്കുന്നതിനുള്ള അവസരണമാണിതെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.

ഓരോ കോഴ്സിനും 25 പേർ വീതം ആകെ 50 പേരാണ് ആറു മാസത്തെ തൊഴിലധിഷ്ഠിത കോഴ്സിന്റെ ഭാഗമായത്. നിർധനരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി മികച്ച തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാൻ അവരെ പ്രാപ്തരാക്കുകയെന്ന ആസ്റ്റർ വോളണ്ടിയേഴ്സിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് ഈ സംരംഭം.ഡോ. നളന്ദ ജയകുമാർ, സിഇഒ ആസ്റ്റർ മെഡ്സിറ്റി, നെഫ്രോളജി സീനിയർ കൺസൾട്ടന്റ് ഡോ. നാരായണൻ ഉണ്ണി, മെഡിക്കൽ അഫയേഴ്സ് വിഭാഗം മേധാവി ഡോ. ടി.ആർ. ജോൺ, ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം മേധാവി ഡോ. അനുപ് ആർ വാര്യർ, ആസ്റ്റർ ഇന്ത്യ നഴ്സിംഗ് മേധാവി ക്യാപ്റ്റൻ തങ്കം രാജരത്നം, എച്ച്.ആർ ഹെഡ് രാഹുൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കാർഷിക മേഖലയിൽ പുതിയ ഏറ്റെടുക്കലുമായി ക്രിസ്റ്റൽ ക്രോപ്പ് പ്രൊട്ടക്ഷൻ

**കൊച്ചി:** ക്രിസ്റ്റൽ ക്രോപ്പ് പ്രൊട്ടക്ഷൻ ഏഷ്യൻ രാജ്യങ്ങളിൽ വിൽക്കുന്നതിനായി ബേയർ ഏജിയിൽ നിന്ന് എത്തോക്സിസൽഫറോൺ ആഗോള തലത്തിൽ ഏറ്റെടുത്തു.

2021ൽ ഇന്ത്യൻ കോട്ടൺ, പേൾ മില്ലറ്റ്, മസ്റ്റർഡ് സീഡ് എന്നിവ ഏറ്റെടുത്തതിന് പിന്നാലെയാണ് ബേയറിൽ നിന്ന് പുതിയ ചേരുവ കൂടി ഏറ്റെടുത്തിരിക്കുന്നത്. ഈ ഏറ്റെടുക്കലോടെ റൈസ് ഹെർബിസൈഡ് മാർക്കറ്റിലെ കമ്പനിയുടെ മേധാവിത്വം കൂടുതൽ ദൃഢമാകുമെന്നാണ് വിലയിരുത്തപ്പെടുന്നതെന്ന് ക്രിസ്റ്റൽ കോർപ്പ് പ്രൊട്ടക്ഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്റ്റർ അൻകൂർ അഗർവാൾ പറഞ്ഞു. അരി, ധാന്യ കൃഷിയിൽ കാര്യക്ഷമമായി കള നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന ചേരുവയാണ് എത്തോക്സിസൽഫറോൺ.

ഇന്ത്യ, ദക്ഷിണേഷ്യ, തെക്ക് കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ കർഷകർക്ക് ഇതിലൂടെ പ്രയോജനമുണ്ടാകും. കർഷകരുടെ ജീവിതത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്നുംഅൻകൂർ അഗർവാൾ പറഞ്ഞു.

ഈ ഏറ്റെടുക്കലിലൂടെ കള നിയന്ത്രണത്തിന് കൂടുതൽ കാര്യക്ഷമമായ വഴിയൊരുക്കുകയാണ് കമ്പനിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വി മൂവീസ് ആന്റ് ടിവിയിൽ ലയൺസ് ഗേറ്റ് പ്ലേ ലഭ്യമാകും

**കൊച്ചി:** മുൻനിര ടെലകോം സേവനദാതാക്കളായ വി പ്രീമിയം സ്ട്രീമിങ് സേവനദാതാക്കളായ ലയൺസ് ഗേറ്റുമായി സഹകരണത്തിനു തുടക്കം കുറിച്ചു. ഇതോടെ വി മൂവിസ് ആൻറ് ടിവിയുടെ നിലവിലുള്ളതും പുതിയതുമായ എല്ലാ വരിക്കാർക്കും ലയൺസ് ഗേറ്റ് പ്ലേ ലഭ്യമാകും. വൈവിധ്യമാർന്ന പ്രീമിയം ഉള്ളടക്കത്തിലൂടെ ഹോളിവുഡ് ചിത്രങ്ങൾ, ഒറിജിനൽ പരമ്പരകൾ, അന്താരാഷ്ട്ര ചിത്രങ്ങൾ തുടങ്ങിയവയുടെ നീണ്ട നിര തന്നെ ലഭ്യമാക്കുന്ന വിധത്തിൽ വിയുടെ ഒടിടി വിഭാഗത്തെ കൂടുതൽ വിപുലീകരിക്കുന്നതാണ് ഈ നീക്കം. മുൻനിര ഒടിടികൾ ഒരൊറ്റ ആപ്പിലൂടെ ഒരൊറ്റ സബ്സ്ക്രിപ്ഷനിലൂടെ ലഭിക്കും വിധമാണ് വി മൂവീസ് ആൻറ് ടിവി രൂപകൽപന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



# ഇന്റർ ബാങ്ക് ക്രിക്കറ്റ് ടൂർണമെന്റ്: സൗത്ത് ഇന്ത്യൻ ബാങ്ക് ജേതാക്കൾ

**കൊച്ചി:** ബാങ്കേഴ്സ് ക്ലബ്ബ് കൊച്ചിയിൽ സംഘടിപ്പിച്ച 'ബാങ്കേഴ്സ് ബാഷ് കപ്പ്' ഓൾ കേരള ഇന്റർ ബാങ്ക് ക്രിക്കറ്റ് ടൂർണമെന്റിൽ സൗത്ത് ഇൻഡ്യൻ ബാങ്ക് ജേതാക്കളായി. ബാങ്കേഴ്സ് ക്ലബ് കൊച്ചി പ്രസിഡന്റ് ബിജു പുന്നച്ചാലിൽ, ജോയിന്റ് സെക്രട്ടറി ശ്രീ ശ്രീകുമാർ എ എന്നിവർ ചേർന്ന് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. സൗത്ത് ഇന്ത്യൻ ബാങ്ക്, എസ്ബിഐ, ബാങ്ക് ഓഫ് ബറോഡ, യൂണിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കേരള ഗ്രാമീണ് ബാങ്ക്, ഇസാഫ് ബാങ്ക്, ഐഡിബിഐ ബാങ്ക്, യെസ് ബാങ്ക് തുടങ്ങി 10 പ്രമുഖ ബാങ്കുകൾ ടൂർണമെന്റിൽ പങ്കെടുത്തു. വിജയികൾക്കുള്ള ട്രോഫിയും അവാർഡുകളും ബാങ്കേഴ്സ് ക്ലബ്ബ് കൊച്ചി വൈസ് പ്രസിഡന്റ് എസ് വിജിത്ത് സമ്മാനിച്ചു

# ലക്ഷ്മി ഡെന്റൽ ലിമിറ്റഡ് ഐപിഒ ജനുവരി 13 മുതൽ

**കൊച്ചി:** ലക്ഷ്മി ഡെൻറൽ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന 2025 ജനുവരി 13 മുതൽ 15 വരെ നടക്കും. 138 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 13,085,467 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 407 രൂപ മുതൽ 428 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 33 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 33 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com